ഞങ്ങൾ കണ്ട സ്കോട്ട് ലണ്ട്



കെ പി മോഹൻദാസ്

ഉള്ളടക്കം

1:സ്കോട്ട്ലണ്ട്   അല്പം ചരിത്രം

പ്രകൃതി സുന്ദരമായ തടാകങ്ങളുടെയും ചരിത്ര പ്രസിദ്ധമായ കാസിലുകളുടെയും പർവ്വതങ്ങളുടെയും നാടാണ് സ്കോട്ട്ലണ്ട്. കൂടുതൽ പ്രശസ്തമായ ലണ്ടൻ നഗരത്തിന്റെയും ഇന്ഗ്ലണ്ടി ന്റെയും നിഴലിൽ നില്ക്കുന്ന സ്കോട്ട്ലണ്ട് പല കാര്യത്തിലും തനതായ വ്യക്തിത്വം നില നിര്ത്തുന്നു. ഇന്ഗ്ലണ്ടും സ്കോട്ട്ലണ്ടും അയര്ലണ്ടും അടങ്ങിയ രാഷ്ട്രമാണ് ബ്രിട്ടിഷ് ഐക്യനാടുകൾ (യു കെ – United Kingdom) . ഗ്രെയിറ്റ് ബ്രിട്ടൻ എന്ന വലിയ ദ്വീപിന്റെ വടക്ക് ഭാഗത്താണ് സ്കോട്ട്ലണ്ട്. തെക്കേ അതിര്ത്തി ഇന്ഗ്ലണ്ടുമായി പങ്കിടുന്ന സ്കോട്ട്ലണ്ടിന്റെ കിഴക്ക് ഭാഗത്ത് ഉത്തര സമുദ്രവും വടക്കും പടിഞ്ഞാറും അറ്റ്ലാന്റിക് സമുദ്രവും തെക്ക് പടിഞ്ഞാറായി ഉത്തര കനാലും ഐറിഷ് കടലിടുക്കും കിടക്കുന്നു. വന്കര കൂടാതെ 790 ചെറിയ ദ്വീപുകളും ഇതിൽ ഉള്പ്പെടുന്നു. ഉത്തരദ്വീപ സമൂഹവും(Northern Isles) ഹെബ്രിഡിസും (Hebrides) ഇതിൽ പെടുന്നു. തല സ്ഥാനമായ എഡിന്ബറോ (Edinburgh) നഗരം യൂറോപ്പിലെ ഏറ്റവും വലിയ സാമ്പത്തിക കേന്ദ്രമായി അറിയപ്പെടുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ഈ നഗരം ഒരു വ്യാവസായിക സാംസ്കാരിക കേന്ദ്ര മായി മാറി. രണ്ടാമത്തെ വലിയ നഗരമായ ഗ്ലാസ്ഗോ (Glasgow) ഒരു കാലത്ത് വലിയ വ്യാവസായിക നഗരം ആയിരുന്നു. ലോകം കീഴടക്കാൻ ബ്രിട്ടനെ സഹായിച്ച നാവിക സേനയുടെ കപ്പലുകൾ ഇവിടെയാണ് നിര്മ്മിച്ചിരുന്നത്. ഇന്ത്യൻ റെയിൽ വേയ്ക്ക് വേണ്ടി റെയിലേ എഞ്ചിനുകൾ അടുത്ത കാലത്ത് വരെ ഇവിടെ നിര്മ്മിച്ചിരുന്നു. ഉത്തര അറ്റ്ലാന്റിക്കിലും ഉത്തര സമുദ്രത്തിലും ഉള്ള എണ്ണക്കിണറുകൾ യൂറോപ്യൻ യൂണിയനിലെ ഏറ്റവും വലിയ എണ്ണനിക്ഷേപമാണ്. ഈ നിക്ഷേപത്തിനു ഏറ്റവും അടുത്തുള്ള നഗരമായ അബെര്ഡീൻ (Aberdeen) എന്ന സ്കോട്ട്ലണ്ടിലെ മൂന്നാമത്തെ നഗരം യൂറോപ്പിന്റെ എണ്ണതലസ്ഥാനം ആയി അറിയപ്പെടുന്നു. സാമ്പത്തികമായി സ്വന്തം കാലിൽ നില്കാൻ കഴിവുള്ള രാജ്യമാണ് സ്കോട്ട്ലണ്ട്. 2011 ലെ കണക്കുകൾ അനുസരിച്ച് സ്കോട്ട്ലണ്ടിലെ ആളോഹരി വരുമാനം 27,211 പൌണ്ടാണ്.

എന്നാൽ ബ്രിട്ടന്റെത് 23,002 പൌണ്ട് മാത്രമാണ്. കിട്ടുന്ന നികുതിവരുമാനത്തിന്റെ 38% പെന്ഷനൻ കൊടുക്കാനും പൊതുജനക്ഷേമ പരിപാടികള്ക്കും ഉപയോഗിക്കുന്നു, ഇന്ഗ്ലണ്ടിൽ ആകട്ടെ ഇത് നികുതിവരുമാനത്തിന്റെ 42.3% ആണ്. ഇപ്പോളുള്ള പരിമിതമായ സ്വയംഭരണത്തിന് പകരം സ്കോട്ട്ലണ്ട് ഒരു സ്വതന്ത്ര രാഷ്ട്രം ആകണമെന്ന മുറവിളി അടുത്തകാലത്ത് ശക്തമായിട്ടുണ്ട്.

എ ഡി 1707 വരെ വ്യത്യസ്തമായ രാജഭരണത്തിൻ കീഴിൽ സ്കോട്ട്ലാന്റ് ഒരു സ്വതന്ത്രരാജ്യമായിരുന്നു. ഇന്ഗ്ലണ്ടു, സ്കൊട്ട്ലണ്ടു അയര്ലണ്ട് എന്നീ രാജ്യങ്ങളിലെ രാജകുടുംബാംഗങ്ങൾ തമ്മിൽ പരസ്പരം വിവാഹം വഴി ബന്ധുക്കൾ ആയിരുന്നു, 1603 ഇൽ സ്കോട്ട്ലണ്ടിലെ ജെയിംസ്ആറാമൻ രാജാവ് ഇന്ഗ്ലണ്ടിലെയും അയര്ലന്റിലെയും കൂടി രാജാവായി കിരീടധാരണം ചെയ്തു. 1707 മേയ് ഒന്നാം തീയതി ഇന്ഗ്ലണ്ടുമായി ഒരു പൊതുരാഷ്ട്രം ഉണ്ടാക്കാനുള്ള സന്ധിയിൽ ഒപ്പിട്ടു, ഗ്രെയിറ്റ് ബ്രിട്ടൻ എന്ന രാജ്യം അങ്ങനെ ഉണ്ടായി. രണ്ടു നിയമ സഭകളുടെയും സംയുക്തതീരുമാനം അനുസരിച്ച് ആയിരുന്നു എങ്കിലും പൊതുജനങ്ങളിൽ നല്ലൊരു ഭാഗം ഇതിനെതിരായിരുന്നു, തീരുമാനത്തിനെതിരെ ലഹളയും പ്രക്ഷോഭവും ഉണ്ടായി എങ്കിലും.



1. സ്കോട്ട്ലന്റ്


2. ഗ്രെയിറ്റ് ബ്രിട്ടൻ

ഇപ്പോഴും സ്കോട്ട്ലണ്ടിലെ നിയമവ്യവസ്ഥ ഇന്ഗ്ലണ്ടിൽ നിന്നും വ്യത്യസ്തമാണ്. അതുപോലെ തന്നെ മതപരമായും വിദ്യാഭ്യാസസംബന്ധമായും പല വ്യത്യാസങ്ങളും ഇന്നും നിലനില്കുന്നു. 1997 ഇൽ നടന്ന ഒരഭിപ്രായവോട്ടനുസരിച്ചു 1999 സ്കോട്ടിഷ് പാര്ല്യമെണ്ടു വിളിച്ചു കൂട്ടി. 2011 ഇൽ സ്കോട്ടിഷ് നാഷണൽ പാര്ട്ടിക്ക് ഭൂരിപക്ഷം കിട്ടിയതോടുകൂടി, 2014 സെപ്ടംബര്മാസം 18 നു സ്കോട്ടിഷ് സ്വാന്ത്ര്യത്തിനു വേണ്ടിയുള്ള ഒരു വോട്ടെടുപ്പ് നടത്തുകയുണ്ടായി. ഈ റെഫരണ്ടത്തിൽ സ്കോട്ടിഷ് ജനങ്ങളോട് സ്കൊട്ട്ലന്ടു ഒരു സ്വതന്ത്ര രാജ്യമാകണോ വേണ്ടയോ എന്നായി രുന്നു ചോദ്യം. “വേണ്ട” എന്ന ഉത്തരം നല്കിയവരാണ് വിജയിച്ചത് 2,001,926 (55.3%) വോട്ടുക ളോടുകൂടി. “സ്വതന്ത്രമാകണം” എന്ന് വോട്ടു ചെയ്ത വര്ക്ക്(1,617,989 (44.7%) വോട്ടു കിട്ടി. എന്നാലും ഈ അഭിപ്രായ വോട്ടെടുപ്പിൽ തൃപ്തരല്ലാത്ത നല്ലൊരു ഭാഗം ജനങ്ങൾ സ്കോട്ട്ലന്റിൽ ഉണ്ട്. ഇനിയും ഇത്തരം വോട്ടെടുപ്പു നടന്നു കൂടാഴ്കയില്ല, ബ്രിട്ടൻ യുറോപ്യൻ കൌണ്സിൽ നിന്ന് വിട്ടു പോകാൻ (Brexit) തീരുമാനിച്ച പോലെ.

2 ലോക് ലൊമോണ്ട് – തടാക സൌന്ദര്യം

പ്രകൃതിഭംഗി കൊണ്ടു അനുഗൃഹീതമായ രാജ്യമാണു സ്കോട്ട്ലണ്ടു.. പച്ചപുതച്ച മലഞ്ചെരിവുകളും തടാകങ്ങളും നാട്ടിന്പുറത്തിന്റെ ഭംഗി കൂട്ടുന്നു. ഇന്ഗ്ലീഷ് ഭാഷയില് തടാകത്തിനു ലേയ്ക് (Lake) എന്നു പറയുമ്പോള് സ്കോട്ടിഷ് ഇങ്ലീഷില് ലോക് (Loch) എന്നാണു പറയുക. അതായതു "ലോക് ലൊമോണ്ട്" എന്നതു ലൊമോണ്ട് തടാകം എന്നു പരിഭാഷപ്പെടുത്താം. സ്കോട്ട്ലണ്ടിലെ ദക്ഷിണഭാഗത്തുള്ള മലനിരകള്ക്കും മധ്യസ്കോട്ട്ലണ്ടിനും ഇടക്കുള്ള ഒരു ശുദ്ധജല തടാകമാണു ലോക് ലൊമോണ്ട്. സുമാര് 39 കിലോമീറ്ററ് നീളവും 8 കിലോമീറ്ററിനും 1.21 കിലോമീറ്ററിനും ഇടയില് വീതിയും ഉള്ള താണു ഈ തടാകം. പരമാവധി ആഴം 37 മീറ്ററ്. 71 ചതുരശ്ര കിലോമീറ്ററ് വിസ്തൃതിയും 2.6 ക്യുബിക് കിലോ മീറ്ററ് വ്യാപ്തിയും ഉള്ളതാണു ഈ തടാകം. ഈ തടാകത്തിന്റെ തെക്കേ തീരം ഗ്ലാസ്ഗോ നഗരത്തില് നിന്നു 23 കിലോമീറ്ററ് ദൂരത്തില് ആണു. ഇന്നു അതു ഒരു ദേശീയ ഉദ്യാനമായി അംഗീകരി ക്കപ്പെട്ടിരിക്കുന്നു. ഇങ്ലണ്ടിലെ ആറാമത്തെ സ്വാഭാവിക അത്ഭുതം ആയി ആള്കാര് ലോക്കൊല്ലമോണ്ടിനെ തിരഞ്ഞെടുത്തിരുന്നു.



3. ലോക് ലോമോന്ടു തടാകം


ഈ തടാകത്തില് നാല്പതോളം ചെറുതും വലുതും ആയ ദ്വീപുകള് ഉണ്ടു. ചിലവ തീരെ ചെറുതാണെങ്കിലും മറ്റു ചിലവ ബ്രിട്ടിഷ് ദ്വീപുകളില് ഉള്പെട്ടവയാണു. ചരിത്രാതീത കാലം മുതലേ ഉള്ളവ ആണെങ്കിലും ചിലവ കൃത്രിമദ്വീപുകളായി തോന്നാം. എച് വി മോറ്ട്ടന് എന്ന യാത്രികന് എഴുതി: "ലോക് ലൊമോണ്ടിന്റെ അപൂറ്വ ഭംഗിയ്ക്കു ഒരു പ്രധാന കാരണം ആ തടാകത്തിലെ ദ്വീപുകള് ആണു. പരന്ന തടാകത്തില് വിരിച്ച പച്ചപ്പരവതാനിയില് രത്നങ്ങള് വിതറിയ പോലെ വെറുതെ പ്രകൃതി ഭംഗി മാത്രം പോരാത്തവര്ക്കു മറ്റു വിനോദങ്ങളും ഉണ്ടു. തടാകത്തില് ബോട്ടില് കറങ്ങാം. സ്പീഡ് ബോട്ടുകളും കാല് കൊണ്ടു ചവിട്ടി ഓടിക്കുന്ന പെഡല് ബോട്ടുകളും വാടകയ്ക്കു കിട്ടും. തീരത്തു കൂടി കറങ്ങാന് ഇട്ട റെയില് പാത യില്കൂടി ഒരു ചെറിയ ട്രെയിന് യാത്രയും ആവാം. "ലോക്കിലെ സുന്ദരി" എന്നു വിളിക്കപ്പെടുന്ന പഴയ ഒരു കപ്പല് അവിടെ തീരത്തുണ്ടു. ബ്രിട്ടീഷ് നേവി അവസാനമായുണ്ടാക്കിയ ആവിക്കപ്പല് (പാഡില് സ്റ്റീമറ്) ആയിരുന്നുവത്രേ അതു..

വേനല് കാലങ്ങളില് ഇവിടെ വളരെയധികം ആള്കാര് വന്നു പോകുന്നുണ്ടു. പ്രകൃതി ദൃശ്യം മാത്രമല്ല ഒരു നല്ല അക്വേറിയവും അവിടെ ഉണ്ടു. ചില ദിവസ ങ്ങളില് കൃഷിക്കാരുടെ ആഴ്ച ചന്തയും കൂടാറുണ്ടു. ഞങ്ങള് അവിടെ ചെന്ന ദിവസം ഒരു ചന്ത ദിവസ മായിരുന്നു. വീടുകളില് ഉണ്ടാക്കിയ പലഹാരങ്ങളും കൌതുക വസ്തുക്കളും എന്തിനു വറുത്ത കശുവണ്ടിയും അച്ചാറും വരെ വില്പനക്കു വെച്ചിരിക്കുന്നു, ഉന്തുവണ്ടികളില്. നമ്മുടെ വടയും സമോസയും പോലുള്ള ഇന്ത്യന് പലഹാരങ്ങളും ആയി ഒരാള് അവിടെ ഉണ്ടായിരുന്നു. ചന്ദ്രനില് ആദ്യം നീൽ ആമ്സ്ട്രോന്ഗ് എത്തിയപ്പോള് പൊറോട്ടയും ബീഫ് കറിയുമായി മലബാറന് മലയാളി അവിടെ ഉണ്ടായിരുന്നു എന്നു ആരോ തമാശ പറഞ്ഞതു ഓറ്ക്കുന്നു.

നമ്മുടെ നാട്ടിന്പുറങ്ങളിൽ കാണുന്ന പോലുള്ള ഒരു കാളകൂറ്റന്റെ കറങ്ങുന്ന പ്രതിമ ഉണ്ടാക്കിവച്ചു കുട്ടികളും വലിയവരും പൈസ കൊടുത്തു അതിന്റെ മുകളില് കയറുന്നു. മോട്ടൊറ് പ്രവറ്ത്തിപ്പിച്ചു തിരിഞ്ഞു മറിഞ്ഞും കൊണ്ടിരിക്കുന്ന കാളയുടെ പുറത്തു ഒരു നിശ്ചിത സമയത്തിലധികം വീഴാതെ നിന്നാൽ സമ്മാനം കിട്ടും. അലെങ്കിൽ മുടക്കു മുതല് പോകും. പല ആള്ക്കാരും രണ്ടു മിനുട്ടുപോലും തികയ്കാതെ വീഴുന്നു. നടത്തിപ്പുകാരനു കോളു തന്നെ. താഴെ വീണാല് പരുക്കു പറ്റാത്ത രീതിയില് വിരിപ്പും മഴയും വെയിലും കൊള്ളാത്ത ടെന്റും ഉണ്ടു




മറ്റൊരിടത്തു കൌബോയ് രീതിയില് വസ്ത്രം ധരിച്ച കുറെ ആള്ക്കാർ ചീട്ടുകളിച്ചും മദ്യപിച്ചും വഴക്കു കൂടുന്നതായി അഭിനയിച്ചു ഒരു തെരുവു നാടകം അവതരിപ്പിച്ചു ആള്കാരെ ചിരിപ്പിക്കുന്നു. വഴക്കു കൂടി പരസ്പരം വെടി വക്കുന്നതും (കളിത്തോക്കാണേ) തന്മയത്വമായി കാണിക്കുന്നു. ചെറിയ സമ്മാനം ചിലരൊക്കെ കൊടുക്കുന്നും ഉണ്ടു. എല്ലാ കൂടി നമ്മുടെ നാട്ടിന്പുറത്തെ ഒരു ഉത്സവ അന്തരീക്ഷം അവിടെ ഉണ്ടാക്കിയിരിക്കുന്നു അവിടെ. മൂന്നു മണി ആയപ്പോള് എല്ലാവരും സാധനങ്ങള് വണ്ടികളിലാക്കി, സ്ഥലംവൃത്തിയാക്കി വീട്ടിലേക്കു യാത്രയായി.




PROJECT

3 : കളിയൻ കാസിൽ - സ്കൊറ്റ്ലണ്ട്

ഒരു സഞ്ചാരിയെ സ്കൊട്ട്ലണ്ടിൽ ഏറ്റവും ആകർഷിക്കുന്നത് അവിടത്തെ പ്രകൃതി ഭംഗി കഴിഞ്ഞാൽ അവിടെയുള്ള കാസിലുകളും തടാകങ്ങളും ആണ്. സ്കൊട്ട്ലണ്ടിന്റെ കിഴക്കേ തീരത്തുള്ള ഒരു പുരാതന കാസിൽ ആണ് കളിയൻ കാസിൽ. കടൽ തീരത്തുള്ള ഒരു കുന്നിന്റെ മുകളിൽ നിർമിച്ച ഈ കാസിലിനു രസകരമായ ഒരു ചരിത്രം ഉണ്ട്. 262 ഏക്കറിൽ കിടക്കുന്ന ഈ കാസിലിനോടുബന്ധമായി സുന്ദരമായ ഒരു പൂന്തോട്ടം, അരയന്നകുളം, ചെറിയ മൃഗശാല സന്ദർശകർക്കായുള്ള കേന്ദ്രം, ഒരു ചെറിയ പുസ്തകശാല എന്നിവയും ഉണ്ട്. ദക്ഷിണ അയര്ഷ,യർ തീരത്ത് നിലനില്കുന്ന. അയർ പട്ടണത്തിൽ നിന്ന് 12 മൈൽ അകലെയും , മേയ്പോൾ എന്ന ചെറിയ പട്ടണത്തിൽ നിന്നും നാല് മൈൽ പടിഞ്ഞാറായുമാണ് ഈ കാസിൽ.



കളിയൻ കാസിൽ

ഞങ്ങൾ സ്കൊട്ട്ലന്റിൽ എത്തുന്നത് വേനൽ കാലം (മേയ് മാസം പകുതി കഴിഞ്ഞു) ആണെന്ന് കരുതിയാണ്. ഇവിടെ വേനൽ കാലത്തും കാലാവസ്ഥ വളരെയധികം വിചിത്രമാണ്. ചില ദിവസങ്ങളിൽ നല്ല മഴയും തണുപ്പും, പരമാവധി താപനില ചില ദിവസം 10C ഡിഗ്രിയിൽ കൂടാറില്ല വെയിലുള്ള ദിവസം വളരെ സന്തോഷകരമാണ്, പ്രത്യേകിച്ചും വാരാന്ത്യമാവുമ്പോൾ.. ഏതായാലും അങ്ങനെ ഒരു ശനിയാഴ്ച ദിവസം നല്ലവെയിൽ ഉള്ള ദിവസം ഞങ്ങൾ താമസിക്കുന്ന ഹാമില്ട്ടൻ നഗരത്തിൽ നിന്ന് കുട്ടികളുമായി പുറപ്പെട്ടു, കഷ്ടിച്ച് ഒന്നര മണിക്കൂർ സ്കോട്ട്ലന്റിലെ പച്ച വിരിച്ച വയലുകളും കുന്നുകളും കണ്ടു യാത്ര ചെയ്തപ്പോൾ കടൽ കാണാറായി, കാസിലിനോടടുത്തപ്പോൾ ട്രാഫിക് നല്ല തിരക്ക്, എന്നാലും യാതൊരു മര്യാദകേടും കാണിക്കാതെ ഹോൺ പോലും അടിക്കാതെ ആള്ക്കാർ നിയമം പാലിച്ചു തന്നെ അവരവരുടെ വാഹനങ്ങൾ ക്ഷമയോടെ മുമ്പോട്ട് കൊണ്ടു പോകുന്നു.



വിദൂരതയിൽ ഒരു ഏകാന്ത ദ്വീപ്

ആദ്യം വണ്ടി നിറുത്തിയത് കാസിലിൽ എത്തുന്നതിനു മുമ്പുള്ള ഒരു കടൽ തീരത്താണ്, അവിടെ നിന്ന് സ്കൊട്ട്ലണ്ട്ന്ടു തീരത്ത് നിന്ന് പത്തു മൈൽ ദൂരത്തുള്ള ആയില്സ ക്രൈഗ് (Ailsa Craig) എന്ന ചെറു ദ്വീപ് കാണാം, ശക്തമായ കാറ്റടിക്കുന്നുണ്ടു എങ്കിലും സുന്ദരമായ കാഴ്ച, അല്പസമയം കഴിഞ്ഞു കാസിലിലേക്ക് പുറപ്പെട്ടു.



ചരിത്രത്തിൽ ഈ കാസിലിനെപറ്റി ആദ്യമായുള്ള രേഖ 1400 ല ആണ് ഉള്ളത് . അതിനു മുമ്പ് തന്നെ ഇത് നിലനിന്നിരിക്കാൻ സാധ്യതയുണ്ട്. ആദ്യം ഈ കാസിൽ കൊയിഫ് കാസിൽ (Koif Castle) അഥവാ ഹൌസ് ഓഫ് കോവ് (House of Kove) എന്നാണ് അറിയപ്പെട്ടിരുന്നത്, ഈ കാസിലിന്റെ താഴെയുള്ള ഗുഹകൾ ആവാം ഈ പേര് വരാൻ കാരണം . 1600 ൽ ആണെന്ന് തോന്നുന്നു കളിയൻ (Culzean) കാസിൽ എന്ന പേർ വന്നത്. ഈ ഭൂവിഭാഗത്തെ പറ്റിയുള്ള എഴുതപ്പെട്ട ആദ്യരേഖ അന്നത്തെ ചരിത്രത്തിൽ 1569 കാസിലിസിലെ പ്രഭു തന്റെ അനുജനായ സർ തോമസ് കെന്നഡിയ്ക്ക് എഴുതി ക്കൊടുത്തതായാണ് കാണുന്നത്. കെന്നഡിയാണ് കാസിലും പ്രാന്തപ്രദേശവും വികസിപ്പിച്ചു ഈ രീതിയിലാക്കാൻ തുടക്കം കുറിച്ചത്.1590 ല ഗോപുരവും ചുറ്റുപാടും

നിര്മ്മിച്ചു. 1632 ഇലെ ഒരു ചരിത്രരേഖയിൽ തോമസ് കെന്നഡി ഹൌസ് ഓഫ് കോവ് എന്ന കാസിലിന്റെ ഉടമയായി കാണിക്കുന്നുണ്ട്. ക്രമേണ കളിയൻ കാസിൽ ഒരു കുടുംബ ഗൃഹം ആയി മാറി പതിനേഴാം നൂറ്റാണ്ടോടു കൂടി മുകളിലെ നിലകളും ടെറസും ചേര്ത്ത് കെട്ടിടം വിപുലമാക്കി. ഇതൊക്കെയാണെങ്കിലും സ്ഥിരമായി ഇവിടെ ആരും താമസിക്കാതിരുന്നത് കൊണ്ടു വികസനം സാവധാനമായിരുന്നു. 18 ആം നൂറ്റാണ്ടിലാണ് ഇവിടെ കാര്യമായ വികസനം ഉണ്ടായത്, ഒരു സാധാരണ ഗോപുരമെന്നതിലുമുപരി കെട്ടിടം കെന്നഡി കുടുംബത്തിന്റെ ഒരു പ്രദർശന ഗൃഹം ആയി മാറിയത് പെട്ടെന്ന് കുറെ പണം മുടക്കിയത് കൊണ്ടു മാത്രമല്ല അന്നത്തെ കെന്നഡി കുടുംബത്തിലെ പ്രധാനി ഈ കാസിലും ചുറ്റുപാടും കുടുംബത്തിന്റെ ഒരു പ്രധാന കേന്ദ്രമാകണമെന്നു ആഗ്രഹിച്ചതു കൊണ്ടാണ്. സ്കോട്ടിഷ് സര്ക്കാർ ഏറ്റെടുത്ത ശേഷം സ്കോട്ടിഷ് ദേശീയ ട്രസ്റ്റിന്റെ നിരന്തരമായ പുനരുദ്ധാരണ പ്രവര്ത്ത്നത്തിന്റെ ഫലമാണ് ഇന്ന നാം കാണുന്ന കാസിൽ. റോബര്റ്റ് ആദം എന്ന ശില്പിയുടെ മേല്നോട്ടത്തിൽ ആണ് പുനർ നിര്മാണം നടന്നത്.



പാർക്കിലെയും കാസിലിന്റെ മുകളിലെയും ശില്പങ്ങൾ





തോക്കുകൾ നിരത്തി ഒരു ചിത്രം സ്വീകരണ മുറി

References

http://www.nts.org.uk/Property/Culzean-Castle-Country-Park/

http://www.culzeanexperience.org/about.asp#

4: ഗ്ലാസ്ഗോ നഗരം

സ്കോട്ട്ലന്റിലെ ഏറ്റവും വലിയ പട്ടണമാണ് ഗ്ലാസ്ഗോ, ഇന്ഗ്ലീഷ് ഐക്യനാടുകളിലെ (യു കെ – United Kingdom of Great Britain and Northern Ireland with England Scotland and Northern Ireland as parts) നഗരങ്ങളിൽ വലിപ്പത്തിൽ മൂന്നാമത്തെതും. നമ്മുടെ നാട്ടിൽ ഗ്ലാസ്ഗോയും എഡിന്ബറോയും പ്രസിദ്ധരായ ഡോക്ടര്മാരുടെ പേരിന്റെ അറ്റത്ത് കാണുന്ന എം ആർ സി പി അഥവാ എഫ് ആർ സി എസ് എന്ന ഡിഗ്രിയോടോപ്പമേ കണ്ടു പലര്ക്കും പരിചയം ഉള്ളൂ. മെഡിക്കൽ വിദ്യാഭ്യാസവുമായ ബന്ധപ്പെട്ട എന്തോ ഒന്ന് എന്ന് മാത്രമേ നമുക്കറി യുമായിരുന്നുള്ളൂ. ഇപ്പോൾ നമ്മുടെ നാട്ടിലെ കുട്ടികൾ പലരും സ്കോട്ട്ലന്റിലെ യൂണിവേർസിറ്റികളിൽ പഠിക്കാൻ വരുന്നുണ്ട്, അങ്ങനെ ഗ്ലാസ്ഗോയെ പറ്റിയും സ്കൊട്ട്ലന്റിനെ കുറിച്ചും കുറച്ചു കൂടി നാട്ടിലുള്ളവര്ക്ക് അറിയാൻ തുടങ്ങിയിട്ടുണ്ട്. ഏതായാലും ഞങ്ങളുടെ മകൻ ഗ്ലാസ്ഗോയ്ക്ക് അടുത്തു ജോലി കിട്ടി വന്നത് കൊണ്ടു ഈ നഗരവും കാണാൻ കഴിഞ്ഞു.

ക്ലൈഡ് നദിയുടെ തീരത്തുള്ള ഒരു ചെറിയ ഗ്രാമമാണ് ഒരു കാലത്ത് ലോകത്തിലെ ഏറ്റവും വലിയ തുറമുഖം ആയിരുന്ന ഇന്നത്തെ ഗ്ലാസ്ഗോ നഗരം ആയി വളര്ന്നത്. സ്കൊട്ട്ലന്റിന്റെ മദ്ധ്യ പശ്ചിമ ഭാഗത്താണ് ഗ്ലാസ്ഗോ. മദ്ധ്യ കാലത്ത് 15 ആം നൂറ്റാണ്ടിൽ ഗ്ളാസ്ഗോ യൂണി വേര്സിറ്റി നിലവിൽ വന്നതോടു കൂടി ഈ പട്ടണം സ്കോട്ടിഷ് നവോത്ഥാനത്തിന്റെ (Scottish enlightenment) ഒരു കേന്ദ്രവുമായി മാറി. 18 ആം നൂറ്റാണ്ടിൽ ഉത്തര അമേരിക്കയിലേക്കും വെസ്റ്റ് ഇന്ഡീനസിലേക്കും ഉള്ള വ്യാപാരത്തിന്റെ ഒരു പ്രധാന കേന്ദ്രവുമായി മാറി ഗ്ളാസ്ഗോ. വ്യാവസായിക വിപ്ലവത്തോടു കൂടി ഗ്ളാസ്ഗോനഗരം വസ്ത്രങ്ങൾ , രാസവസ്തു നിര്മാടണം , കപ്പൽ നിര്മാരണം എന്നീ വ്യവസായങ്ങളുടെ കേന്ദ്രവു മായി. അപൂർവ്ശില്പ ചാതുരിയിൽ നിര്മ്മിച്ചതും പ്രസി ദ്ധവുമായ പല കപ്പലുകളും ഗ്ളാസ്ഗോയിൽ ഉണ്ടാക്കി യിട്ടുണ്ട്. വിക്ടോറിയൻ കാലത്തും എഡവേര്ഡ്ക

രാജാക്ക ന്മാരുടെയും കാലത്തും ബ്രിട്ടീഷ് സാമ്രാജ്യ ത്തിലെ രണ്ടാമത്തെ നഗരം എന്ന ഖ്യാതി ഗ്ളാസ്ഗോ യ്ക്ക് ആയിരുന്നു. ഇന്ന് ഇത് യൂറോപ്പിലെ ആദ്യത്തെ പത്തു സാമ്പത്തിക കേന്ദ്രങ്ങളിലൊന്നാണ്. സ്കോട്ട്ല ന്റിലെ പല പ്രധാന വ്യവസായങ്ങളും ഗ്ളാസ്ഗോ കേന്ദ്രമായാണ് ഇന്നും പ്രവര്ത്തിക്കു ന്നത്. ജീവിക്കാൻ കൊള്ളാവുന്ന ലോകത്തിലെ ഏറ്റവും നല്ല നഗരങ്ങളിൽ 57 ആമത്തെ സ്ഥാനവും ഗ്ളാസ്ഗോയ്ക്ക് ഉണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലവും ആയപ്പോൾ ഗ്ളാസ്ഗോ നഗര ത്തിലെ ജനസംഖ്യ വളരെ വര്ദ്ധിച്ചു,1939 ൽ അത് 1,28,473 ആയി. വിപുലമായ നഗര പുനരുദ്ധാരണ വികസന പദ്ധതി നടപ്പിലാക്കി അടുത്തു ചെറിയ ഉപഗ്രഹപട്ടണങ്ങൾ നിര്മ്മിച്ചു ജനങ്ങളെ കൂട്ടമായി മാറ്റി പാര്പ്പിച്ചു. അങ്ങനെ നഗരത്തിലെ ജനസംഖ്യ ക്രമീകരിച്ചു. 2014 ലെ കോമൺ വെല്ത്ത്ഗെയിംസ് ഇവിടെയാണ് നടന്നത്. അത് വമ്പിച്ചജയമായിരുന്നു എന്ന് പത്രങ്ങളിൽ വായിച്ചറിഞ്ഞു കാണുമല്ലോ



കെവിൻ ഗ്രൂവ് മ്യൂസിയത്തിന്റെ കവാടം




ഗ്ലാസ്ഗോ യുണിവേഴ്സിറ്റി

ഗ്ളാസ്ഗോ നഗര കേന്ദ്രം

ഗ്ളാസ്ഗോ നഗരത്തിന്റെ കേന്ദ്രത്തിലുള്ള സെയിന്റ് ജോര്ഗ് സ്ക്വയർ, ഗ്ലാസ്ഗോ യൂനീവേഴ്സിറ്റി , ഗ്ലാസ്ഗോസിറ്റി ലൈബ്രറി , കെവിന്ഗ്രോവ് മ്യൂസിയം എന്നിവയാണ് പ്രധാന കാഴ്ചകൾ .

സെനറ്റ് ജോര്ജ് സ്ക്വയർ

നഗര ഹൃദയത്തിൽ ഉള്ള ഒരു ചതുര മൈതാനമാണ് ഇതു. ഗ്ളാസ്ഗോ നഗരത്തിന്റെ മുഖമുദ്ര ആയി കാണാവുന്ന ചിത്രം ഈ മൈതാനതിന്റെതാണ്. ജോര്ജ്ന ആറാമൻ രാജാവിന്റെ പേരിൽ ആണ് നാമകരണം ചെയ്തിരിക്കുന്നത്. ഒരു ഭാഗത്ത് ഗ്ളാസ്ഗോ നഗര സഭയുടെ കെട്ടിടവും ചുറ്റുഭാഗങ്ങളിൽ റോബര്ട്ട് ബെര്ന്സ് , ജെയിംസ് വാട്ട്, സർ റോബര്ട്ട് പീൽ, സർ വാള്ട്ട്ർ സ്കൊട്റ്റ് എന്നീ വീരനായകന്മാരുടെ പ്രതിമകളും സ്ഥാപിച്ചിരിക്കുന്നു. ഗ്ളാസ്ഗോ നഗരത്തിന്റെ കേന്ദ്രമായി കണക്കാക്കപ്പെടുന്ന സ്ഥലമാണിത്.

നഗരത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 1789 ഇല ആണ്

ഇത് നിര്മ്മിച്ചത്. സ്കോട്ടിഷ് പുനരുത്ഥാനത്തിന്റെ ഫലം വ്യതമായി കാണുകയും ചെയ്തു ഇവിടെ. ചതുപ്പ് നിലമായി നഗരത്തിലെ അഴുക്കുവെള്ളം മുഴുവൻ ഒലിച്ചു വീണുകൊണ്ടിരുന്ന ഈ സ്ഥലം ഇപ്പോഴത്തെ രീതിയിൽ രൂപകല്പന ചെയ്യുന്നതിൽ പ്രധാനികൾ അന്നത്തെ ആര്കിടെക്ടുകൾ ആയ ജെയിംസ് ബാരി, ജെയിംസ് ക്രെയ്ഗ് ജെയിംസ് ഗിലെസ്സ്പി ഗ്രഹാം എന്നിവർ ആയിരുന്നു.1820 ലാണ് ഇത് തുറന്നു കൊടുത്തത്. എഡിന്ബറോയ്കും ഗ്ലാസ്ഗോയ്ക്കും ഇടയിൽ തുടങ്ങിയ റെയില്വെ ലൈനിന്റെ തുടക്കം ആയ ക്വീൻ സ്ട്രീറ്റ് സ്റേഷൻ ഇവിടെയാണ് സ്ഥാപിച്ചത്. 1877 ആയപ്പോൾ ചുറ്റുപാടും വ്യാപാര സ്ഥാപനങ്ങൾ ധാരാളമായി തുടങ്ങി.



St George Square

ആദ്യകാലത്ത് ജോര്ജ് ആറാമന്റെ പ്രതിമയാണ് ഈ മൈതാനത്തിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചത് . എന്നാൽ പല പൊതുജന സമരത്തിന്റെയും ലഹളയുടെയും അവസാനത്തിൽ സർ വാള്ട്ടർ സ്കൊട്ടിന്റെ പ്രതിമയാണ് മദ്ധ്യത്തിൽ സ്ഥാപിച്ചത്. 1834-37 കാലത്തിൽ ആണ് 80 അടി ഉയരം ഉള്ള ടോരിക് സ്തൂപവും അതിന്റെ മുകളിൽ അദ്ദേഹത്തിന്റെ പ്രതിമയും സ്ഥാപിച്ചത്. ഈ സ്തൂപത്തിന്റെ ശില്പി അലക്സാണ്ടർ ഹാണ്ടി രിചീ എന്നയായിരുന്നു. വാള്ട്ടമർ സ്കോട്ടിന്റെ പ്രതിമ രൂപകല്പന ചെയ്തത് ജോൺ ഗ്രീന്ഷീല്ഡ് എന്ന ശില്പിയും . ഈ സ്ക്വയരിന്റെ കിഴക്ക് ഭാഗത്ത് നഗരസഭാ കാര്യാലയവും തെക്ക്

ഭാഗത്ത് പഴയ പോസ്റ്റ് ഓഫീസും ആണ്. വടക്ക് ഭാഗത്ത് റെയില്വേ സ്റ്റേഷനും.



City Hall



John Moore



James Watt



Sir Walter Scott



Pillar with statue of Walter Scott

കെൽ വിൻ ഗ്രോവ് മ്യൂസിയവും കലാ ശേഖരവും

സ്കോട്ട്ലന്റിലെ ഏറ്റവും നല്ല ആകര്ഷണമാണ് കെല്വിൻ ഗ്രോവ് മ്യൂസിയവും ആര്ട്ട് ഗ്യാലറിയും. വിവിധ തരത്തിലുള്ള 22 ശേഖരങ്ങളാണ് ഗ്യാലറിയിൽ ഉള്ളത്. 8000 ലധികം പ്രദർശന വസ്തുക്കളും. നാച്ചുറൽ ഹിസ്ടറി, പടക്കോപ്പുകളും ആയുധങ്ങളും, വിവിധ കാലഘട്ടങ്ങളിലെ കലാരൂപങ്ങളുടെ ശേഖരവും ആണിവിടെ വച്ചിട്ടുള്ളത്. കുട്ടികളും കുടുംബങ്ങളുമാണ് ഇവിടത്തെ പ്രധാന സന്ദര്ശകർ. ശേഖരങ്ങൾ കുട്ടികള്ക്ക് കാണത്തക്ക വിധം ആണ് വിന്യസിച്ചിരിക്കുന്നത്. ചില പ്രദര്ശ്ന വസ്തുക്കളും ആയി ചോദ്യോത്തര രീതിയിൽ പ്രതികരിച്ചു കാര്യങ്ങൾ മനസിലാക്കാം. മ്യൂസിയത്തിലേക്കുള്ള പ്രവേശനം ഫ്രീ ആണെങ്കിലും ചില വിശേഷാൽ പ്രദർശനത്തിനു ചെറിയ തോതിൽ ഫീസ് കൊടുക്കണം. ഇതിനോടനുബന്ധിച്ചുള്ള പഠന കേന്ദ്രവും പുസ്തക ശേഖരവും ഉപയോഗിക്കുകയും ആവാം.

1888 ൽ കെല്വിൻ ഗ്രോവ് പാര്ക്കിൽ നടന്ന ഒരു അന്തര്ദേശീയ പ്രദര്ശ്നത്തിൽ നിന്ന് കിട്ടിയ വരുമാനം ആണ് ഈ മ്യൂസിയത്തിന്റെ നിർമ്മാണത്തിലേക്ക് നയിച്ചത്. ഗ്യാലറി രൂപകല്പന ചെയ്തത് സർ ജോൺ സിംപസനും ഈ ജെ മില്നാർ ആലെസ്സും ആണ്. 1901 ഇല ഫൈൻ ആർട്സിന്റെ കൊട്ടാരം (Palace of Fine Arts) എന്ന പേരിൽ ഉത്ഘാടനം ചെയ്യപ്പെട്ടു. സ്പാനിഷ് ശില്പകലയാണ് കെട്ടിടത്തിനു, ചുവന്ന വെട്ടുകല്ലുകൾ കൊണ്ടു നിര്മ്മിച്ചതാണ് പ്രധാന കെട്ടിടം. ശില്പി കെട്ടിടം നിര്മ്മിച്ചത് പിന്ഭാഗരൂപം മുന്നിലും മുന്ഭാഗം പുറകിലും ആക്കി തല തിരിച്ചാണ് എന്നും ഇത് മനസ്സിലാക്കി അയാൾ ഒരു ഗോപുരത്തിൽ നിന്ന് താഴേക്കു ചാടി എന്നും ഒരു കഥ ഗ്ലാസ്ഗോയിൽ പ്രചാരത്തിൽ ഉണ്ട്. ഇത് ഒരു കഥ മാത്രമാണ്, മ്യൂസിയം കെട്ടിടം കണ്ടാൽ ഇങ്ങനെ ഒരപാകത തോന്നുകയേ ഇല്ല

ഇവിടെ ഏറ്റവും നല്ല ഒരു നാച്ചുറൽ ഹിസ്റ്ററി ശേഖരവും യൂറോപ്പിലെ പ്രധാനപ്പെട്ട ഫ്രെഞ്ച് സ്പാനിഷ് സ്കോട്ടിഷ് കലാകാരന്മാരുടെ കലാസംഭാവനകൾ ഉള്കൊള്ളുന്നു, വിവിധ തരം ശില്പങ്ങളും ജെയിംസ് വാട്ടിന്റെ ആദ്യകാല ആവി യന്ത്രവും എല്ലാം പ്രദര്ശിപ്പിച്ചിരിക്കുന്നു. സാല്വേഡോർ ദാലിയുടെ ഒരു അത്യപൂര്വ ചിത്രവും (Christ of Saint John of the Cross) ഇവിടെ ഉണ്ട്. മ്യൂസിയത്തിന്റെ ക്യുരേട്ടർ തന്നെ ദാലിയിൽ നിന്നും ഇതിന്റെ പകര്പ്പവകാശം വാങ്ങുകയുണ്ടായി








5: മേരി സ്കോട്ട് രാജ്ഞിയുടെ ദുരന്തകഥ

ജനിച്ചു ആറുദിവസം മാത്രം പ്രായമുള്ളപ്പോൾ തന്നെ രാജ്ഞിയായി അംഗീകരിക്കപ്പെടുക, പതിനഞ്ചു വയസിൽ ഫ്രെഞ്ചു രാജാവിന്റെ പത്നിയാവുക, ഇരുപതു വര്ഷം ബ്രിട്ടീഷ് ജെയിലിൽ, അവസാനകാലം സ്വന്തം മകൻ പോലും രക്ഷിക്കാൻ തയാറാകാതെ തലയറുത്തു കൊലല്ലപ്പടുക ഇതൊക്കെയാണ് ഈ രാജ്ഞിയുടെ ജീവിതത്തിൽ സംഭ വിച്ചത്. വിശദമായി നോക്കാം.





Mary Scott   Coat of Arms

സ്കോട്ട്ലന്റിലെ രാജ്ഞി , മേരി സ്കോട്ട്, മേരി സ്റ്റുവാര്ട്ട്, മേരി I, എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെട്ട മേരി സ്കോട്ട്ലന്റിലെ ജെയിംസ് V രാജാവിന്റെ പുത്രിയായിരുന്നു. 1542 ഡിസംബർ 8 നു ജനനം, മരണം 1587 ഫെബ്രുവരി 8. 1542 ഡിസംബർ 14 നു പിതാവ് മരിച്ചപ്പോൾ ആറു ദിവസം മാത്രം പ്രായം ഉള്ള കുട്ടി രാജ്ഞിയാകാൻ അര്ഹയായി. ഇന്ഗ്ളണ്ടിലെ ഭരണാധികാരികളുമായും സ്കോട്ടിഷ് മലയോരവാസികളു മായി

(Highlands dwellers) ഒരേ സമയം യുദ്ധം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു സ്കോട്ടിഷ് രാജാവ്. കൊട്ടാരത്തിൽ കിരീടാവകാശിയായ കുട്ടിയുടെ ജീവനപകടത്തിൽ ആണെന്നറിഞ്ഞു കുട്ടിയെ അഞ്ചു വയസായപ്പോൾ സ്കൊട്ട്ലന്റിൽ നിന്നും മാറ്റി ഫ്രാന്സിലേക്ക് കൊണ്ടു പോയി. സ്കോട്ട്ലന്ടു റീജന്റ് ഭരണത്തിൽ ആയി. സ്കോട്ട്ലന്റും ഫ്രാന്സും തമ്മിൽ നല്ലബന്ധം ആയിരുന്നതു കൊണ്ട് മേരി പ്രായപൂര്ത്തിയാകുന്നത് വരെ ഫ്രെഞ്ച് രാജകുടുംബത്തിൽ പാരീസിൽ വളര്ന്നു . ഇക്കാലമത്രയും ജെയിംസ് അഞ്ചാമന്റെ ഭാര്യ മേരിഗൈസ് ആയിരുന്നു സ്കൊട്റ്റ് ലണ്ട് ഭരിച്ചിരുന്നത്. 15 വയസിൽ മേരിയുടെ വിവാഹം വെറും 14 വയസുമാത്രം പ്രായമുള്ള ഫ്രെഞ്ച് രാജകുമാരനുമായി നടന്നു. മേരിയുടെ ഭര്തൃപിതാവായഹെന്റി രണ്ടാമനെന്ന രാജാവിന്റെ വത്സല്യ ഭാജനമായിരുന്നു മേരി. എന്നാൽ 1559 ൽ ഹെന്റിയുടെ മരണത്തെ തുടര്ന്നു മേരിയുടെ ഭര്ത്താവ് രാജാവായി. മേരി 1559 ജൂലായ് 10 നു അങ്ങനെ ഫ്രെഞ്ച് രാജാവിന്റെ റാണിയായി. പക്ഷെ 1560 ൽ ആദ്യം മേരിയുടെ മാതാവും ഡിസംബർ 5 നു ഭര്ത്താ്വായ ഫ്രാന്സിസ് രണ്ടാമനും മരണപ്പെട്ടു. തന്റെ ഏറ്റവും വേണ്ടപ്പെട്ട മൂന്നു പേരുടെ തുടര്ച്ചയായ മരണം അവരെ ഉലച്ചു. ഫ്രെഞ്ച്കൊട്ടാരത്തിൽ നിന്ന് കേവലം പതിനെട്ടു വയസുമാത്രം പ്രായമായിരുന്ന മേരി തന്റെ സ്വന്തം രാജ്യമായ സ്കൊട്ട്ലന്റിലേക്ക് പോകാൻ ആഗ്രഹിച്ചു. പക്ഷെ അവിടെയും പ്രശ്നങ്ങൾ ആയിരുന്നു.



Queen Mary at 18 years

ഇന്ഗ്ളണ്ടിലെ രാജാവായിരുന്ന ഹെന്റി VIII ൻ തന്റെ മകൻ എഡവാര്ഡിനെ കൊണ്ടു മേരിയെ വിവാഹം കഴിപ്പിക്കുവാൻ ആഗ്രഹിച്ചു. ഈ വിദൂരലക്ഷ്യത്തോടെ ഇന്ഗ്ളീഷ് സ്കോട്ടിഷ് അതൃത്തിയിൽ ചില യുദ്ധസന്നാഹങ്ങളും 1547 ൽ നടത്തി. ഭരണം നോക്കിയിരുന്ന മേരിഗൈസ്, ഫ്രെഞ്ച് പട്ടാളക്കാരുടെ സഹായത്തോടെ അവരെ തുരത്തി. ആദ്യകാലത്ത് സ്കോട്ട്ലണ്ടിലും ഇന്ഗ്ലണ്ടിലും കത്തോലിക്കാ മതവിശ്വാസികൾ ആയി രുന്നു. മേരി ഗൈസിന്റെ ഭരണകാലത്ത് സ്കോട്ട്ലണ്ടിലും ഫ്രെഞ്ച് സ്വാധീനം കൂടി വന്നു. എന്നാൽ ദിനം പ്രതിയെന്നോണം വര്ദ്ധിച്ചുവന്ന പ്രോട്ടെസ്ടന്റുകള്ക്ക് ഇത് ഹിതകരമായിരുന്നില്ല. അവർ ഇന്ഗ്ലണ്ടിനെ സ്കൊട്ട്ലണ്ടിന്റെ സ്വാഭാവിക സുഹൃത്തായി കരുതി. മേരിയും കുടുംബവും കത്തോലിക്കാ വിശ്വാസികൾ ആയിരുന്നു. മേരി ആ വിശ്വാസത്തില്തന്നെ തുടരാനും ആഗ്രഹിച്ചു. ഇക്കാരണത്താൽ മേരി ഫ്രാന്സിൽ നിന്ന് തിരിച്ചു വന്നു സ്കോട്ട്ലന്റിലെ രാജ്യഭരണം ഏറ്റെടുക്കുന്നതിൽ പലർക്കും എതിര്പ്പുണ്ടായിരുന്നു. പ്രബലർ ആയ പ്രോട്ടെസ്ടന്റുകളുടെ

എതിര്പ്പിനെ വകവയ്ക്കാതെ മേരി തിരിച്ചെത്തി ഭരണ നേതൃത്വം ഏറ്റെടുത്തു. രഹസ്യമായിമാത്രം തന്റെ കത്തോലിക്കാ വിശ്വാസം നിലനിര്ത്തിക്കൊള്ളാമെന്നു മേരി ഉറപ്പു കൊടുത്തു പ്രോട്ടെസ്റ്റണ്ടുകളെ സമാധാനിപ്പിച്ചു . 1560 ൽ സ്കൊടിഷ് പാര്ല്യ മെന്റ് നിയമനിര്മാണം മൂലം സ്കോട്ട്ലണ്ടില്കതത്തോലിക്കാ മതവും കത്തോലിക്കാരീതിയിൽ ഉള്ള കുര്ബാനയും നിരോധിച്ചു. എന്നാലും മേരിയുടെ ഭരണ കാലത്ത് രണ്ടു മതവിശ്വാസികളും തമ്മിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾ കുഴപ്പങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. മേരി തന്റെ മച്ചുനൻ ആയ ഡാമലി പ്രഭുവിനെ 1565 ൽ വിവാഹം കഴിച്ചു. അമിതമദ്യപാനിയും മുന്കോപ്പിയും ദുസ്വഭാവിയുമായിരുന്ന ഡാമലിപ്രഭുവിനെ ജനങ്ങള്ക്കും വെറുപ്പായിരുന്നു. എന്നാലും അയാളിൽ നിന്ന് മേരിക്ക് ഒരു കുട്ടി ജനിച്ചു, ആര്തർ . അധികം താമസിയാതെ ഡാമലി പ്രഭു അസ്വാഭാവിക സാഹചര്യങ്ങളിൽ 1567 ഫെബ്രു വരി 9 നു കൊലല്ലപ്പട്ടു, മേരിയും കുടുംബവും വിശ്രമത്തിന് വന്ന കാസിലിൽ നിന്ന് മേരി പെട്ടെന്ന് രാത്രിയിൽ പുറത്തേക്കു പോകുകയും തുടര്ന്നു അവിടെ ഉണ്ടായ സ്ഫോടനത്തിൽ ആണ് ഡാമലി പ്രഭു കൊലല്ലപ്പട്ടത്. സ്ഫോടനം ഉണ്ടായെ ങ്കിലും പൂന്തോട്ടത്തിൽ നിന്നും കണ്ടെടുക്കപ്പെട്ട പ്രഭുവിന്റെ മരണം ശ്വാസം മുട്ടിയാണ് എന്ന് വ്യക്തമായി. ഭര്ത്താ്വിന്റെ കൊലപാതകത്തിൽ മേരിക്കും പങ്ക് ഉണ്ടെന്നു ആരോപണം ഉണ്ടായി. ഈ കൊലപാതകത്തിൽ കുറ്റവാളിയെന്നു സംശയിച്ചിക്കപ്പെട്ടിരുന്ന ബോത്വെൽ പ്രഭുവിനെ മൂന്നു മാസം കഴിഞ്ഞു മേരി വിവാഹം കഴിക്കുകയും ചെയ്തു. സ്കൊട്ട്ലണ്ടിലെ പ്രഭുക്കള്ക്ക് ബോത്വെലില്ലനയും വെറുപ്പാ യിരുന്നു. ബോതവെലില്ലന്റയും മേരിയുടെയും പട്ടാളക്കാർ കാര്ബെറിഹിലില്ല് വച്ച് പ്രഭുക്കളുടെ പട്ടാളവുമായി ഏറ്റുമുട്ടി, പരാജയപ്പെട്ടു. മേരിയും ഭര്ത്താവും യൂറോപ്പിലേക്കു പലായനം ചെയ്തു , യൂറോപ്പിൽ വച്ച് ബോത്വെൽ പ്രഭു മരണപെട്ടു. പ്രഭുക്കൾ മേരിയെ പിടിച്ചു ലോകെല്വൻ കാസിലിൽ തടവിലടച്ചു, നിര്ബ്ന്ധ പൂര്വം ഭരണത്തിൽ നിന്ന് ഒഴിഞ്ഞു കൊച്ചുകുട്ടിയായ ജെയിംസിനെ ഭരണാധികാരിയായി പ്രഖ്യാപിക്കാൻ 1567 ൽ അവര് നിര്ബന്ധിതയായി

.





Murder of Mary Artist;s view   Statue on her tomb Westminster

മേരി ജയിലിൽ നിന്ന് രക്ഷപെട്ടു ഇന്ഗ്ലണ്ടിലേക്ക് പോയി, സ്വന്തം മച്ചുനത്തി ആയ എലിസബത്ത് രാജ്ഞി ആയിരുന്നു അന്ന് ഇന്ഗ്ലണ്ടിൽ ഭരണം. അവർ പരസ്പരം കലഹിച്ചു കൊണ്ടിരുന്ന കാതോലി ക്കരും പ്രോടെസ്ടന്റുകളും തമ്മിൽ ഉള്ള സംഘട്ടനം ഒരു വിധത്തിൽ ഒതുക്കി രാജ്യത്തിൽ സമാധാനം ഉണ്ടാക്കിയിരുന്നു. എന്നാൽ തന്റെ ബന്ധു ആണെങ്കിലും മേരിയുടെ സാന്നിദ്ധ്യം വീണ്ടും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്ന് അവര്ക്ക് തോന്നി. പോരാഞ്ഞു എലിസബത്ത് തന്നെ രാജ്യഭരണത്തിന് നിയമപരമായി അവകാശി അല്ലെന്ന ഒരു വാദവും നിലനിന്നു. എലിസബത്തിനു പകരം മേരി ആയിരുന്നു ഇന്ഗ്ലണ്ടിലെ ന്യായമായ കിരീടാവകാശി. ഈ വാദം ഉയര്ത്തി ഇന്ഗ്ലണ്ടിലെ കത്തോലിക്കർ മേരിയെ ഭരണത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു. മേരിയുടെ അനുകൂലമായി നിന്നിരുന്നവർ അവരുടെ പരോക്ഷമായ അനുഗ്രഹങ്ങളോടെ ആഭ്യന്തര സമരം ഉണ്ടാക്കി ഭരണം പിടിച്ചെടുക്കാൻ ശ്രമം നടത്തി യെങ്കിലും പരാജയപ്പെട്ടു. ഇതിനിടയിൽ അധികാരം

പിടിച്ചെടുക്കാൻ ഉള്ള ശ്രമത്തിൽ സഹായിക്കാൻ മകനായ സ്കൊട്ട്ലണ്ടു രാജാവിനു രഹസ്യമായി അയച്ച കത്ത് എലിസബത്ത് രാജ്ഞിയുടെ സേവകർ പിടിച്ചെടുക്കുകയും ചെയ്തു. മേരി തന്റെ രാജ്യഭരണത്തിനു തടസ്സമാണെന്നു കണ്ട എലിസബത്ത് രാജ്ഞി അവരെ രാജ്യദ്രോഹകുറ്റത്തിന് വിചാരണചയ്തു. വെറും രണ്ടു ദിവസം മാത്രം കൊണ്ടു വിചാരണ പൂർത്തിയായി, മേരിയുടെ പങ്കാളിഎന്ന് സംശയിച്ചു പിടിക്കപ്പെട്ട മറ്റൊരു പ്രഭുവിന്റെ മൊഴി അവര്ക്കെതിരായിരുന്നു.

അങ്ങനെ അവരുടെ സ്വന്തം മകന്റെ പോലും സഹതാപം കിട്ടാതെ മേരിയെ രാജ്യദ്രോഹകുറ്റം ചുമത്തി എലിസബത്ത് രാജ്ഞിയുടെ ആജ്ഞ പ്രകാരം 1587 ഫെബ്രുവരി 8 നു വധിച്ചു.

അവരുടെ മരണവും പ്രത്യേകതകൾ ഉള്ളതായിരുന്നു. അവര്ക്ക് മരണസമയത്ത് തന്റെ വികാരിയുടെ കൂദാശ നിഷേധിക്കപ്പെട്ടു. രോഗാതുരയും ദുര്ബലയുമായിരുന്ന അവർ രക്തസാക്ഷികളെ പോലെ വസ്ത്രം ധരിച്ചു. സ്വയം നടക്കുവാൻ പോലും ബുദ്ധിമുട്ടുണ്ടായിരുന്ന അവരെ വധിക്കാനുള്ള മണ്ഡപത്തിലേക്ക് കയറാൻ മറ്റൊരാൾ സഹായിക്കേണ്ടി വന്നു. വധിക്കാനുള്ള ചട്ടത്തിലേക്ക് തലയിട്ടതിന് ശേഷം മൂന്ന് പ്രാവശ്യം ' കര്ത്താവേ നിന്റെ കയ്യിലേക്ക് ' എന്നവർ ലാറ്റിൻ ഭാഷയിൽ പ്രാര്ഥിച്ചു. അവരുടെ തല ശരീരത്തിൽ നിന്ന് വേര്പെടുത്താൻ മഴു രണ്ടു പ്രാവശ്യം ഉപയോഗിക്കേണ്ടി വന്നു. ആദ്യത്തെ വെട്ടിൽ അവർ ധരിച്ച ശിരോവസ്ത്രവും തലയിലെ മുടിയും മാത്രമാണ് വേര്പെ ട്ടത്. രണ്ടാമത്തെ വെട്ടു കഴിഞ്ഞപ്പോൾ അവരുടെ ശരീരം അല്പം ചലിച്ചു. അവരുടെ പാവാടയുടെ താഴെ ഒരു ടെറിയർ നായക്കുട്ടിയെ കണ്ടു. ജീവിതകാലം മുഴുവൻ മൃഗങ്ങളെ സ്നേഹിച്ചിരുന്ന മേരി അവരുടെ നായക്കുട്ടിയെ മരണമണ്ഡപത്തിലേക്ക് കൊണ്ടു വന്നിരുന്നു. 1612 ൽ അവരുടെ മകനും അന്നത്തെ ഇന്ഗ്ലീഷ് രാജാവുമായിരുന്ന ജെയിംസ് മാതാവിന്റെ ശരീരം വെസ്റ്റ് മിനിസ്റ്റെർ ആബിയിൽ രാജകീയമായ രീതിയിൽ തന്നെ ഗംഭീരമായ ശവകുടീരം ഉണ്ടാക്കി അതിൽ സംസ്കരിച്ചു

.അവലംബം :
http://www.historylearningsite.co.uk/mary_queen_of_scots.htm
http://en.wikipedia.org/wiki/Mary,_Queen_of_Scots
http://www.bbc.co.uk/iplayer/episode/b00nxkls/A_History_of_Scotland_Series_2_Gods_Chosen_People/

6. ഹാമിൽട്ടൻ എന്ന ചെറിയ പട്ടണം

സ്കോട്ട്ലണ്ടിലെ പ്രധാന പട്ടണങ്ങള് ഗ്ലാസ്ഗോ, എഡിന്ബെറഗ് എന്നിവയാണു. ഹാമില്ട്ടണ് എന്നത് ഒരു ചെറിയ പട്ടണം ആണു. ദക്ഷിണ ലനാറ്ക്ക്ഷെയറ് എന്ന കൌണ്സിലിന്റെ ഭരണ കേന്ദ്രമാണിത്. വലിപ്പത്തില് സ്കോട്ലണ്ടിലെ അഞ്ചാമത്തെ നഗര മാണു ഇതു. ഗ്ലാസ്ഗോയില് നിന്നു 19.3 കിലോമീറ്ററും എഡിന്ബറൊയില് നിന്നു 56 കിലൊമീറ്ററും ദൂരം മാത്രമേ ഇവിടെക്ക് ഉള്ളൂ. ക്ലൈഡ് നദിയുടെ തീരത്താണു ഹാമില്ട്ടണ്. കാഡ്ശോ എന്നറിയപ്പെട്ടിരുന്ന ഈ പട്ടണത്തിനു ആദ്യത്തെ ഹാമില്ട്ടണ് പ്രഭു ആയ ജോണ് ഹാമില്ട്ടണ് പ്രഭുവിന്റെ പേര് കൊടുത്തു. ഹാമില്ട്ടണ് കുടുംബം ഇവിടെ പല പ്രധാന കെട്ടിടങ്ങളും നിറ്മിക്കുകയുണ്ടായി. ഇവയില് ഏറ്റവും പ്രധാനപ്പെട്ടതു സ്റ്റ്രാറ്റ്ക്ലൈഡ് പാറ്കിനടുത്തുള്ള ഹാമില്ട്ടന് ശവകുടീരം ആണു.

ലോകത്തില് ഏറ്റവും നീണ്ടുനില്കുന്ന പ്രതിധ്വനി ഉണ്ടാകുന്ന കെട്ടിടം ആണു ഇതു. ഡ്യൂക് ഹാമില്ട്ടന്റെ ഭൌതിക ശരീരം അടക്കം ചെയ്ത സ്ഥലമാണു . കല്ലില് നിറ്മിച്ച ഈ കെട്ടിടത്തിന്റെ അത്യപൂര്വമായ മകുടം(ഡോമ്)ആണു ഇത്തരം പ്രതിധ്വനി കേള്ക്കാന് കാരണമായതു. ഹാമില്ട്ടണ് കുടുംബത്തിലെ പത്താമത്തെ ഡ്യൂക്കായ അലെക് സാണ്ടർ ആണു തന്റെ കൊട്ടാരം പുതുക്കിപ്പണിഞ്ഞതു പൊലെ ഈ കെട്ടിടവും ഉണ്ടാക്കിയതു. 37 മീറ്ററ് ഉയരത്തില് റോമന് വാസ്തുവിദ്യാരീതിയിൽ ആണു ഇതിന്റെ മകുടം (ഡോം) ഉണ്ടാക്കിയിരിക്കുന്നതു. 1842 ല് ആണു പണി തുടങ്ങിയതു.ഡേവിഡ് ബ്രൈസ്, അലെക്സാണ്ടറ് രിചീ എന്നീ വാസ്തുവിദ്യാ വിദഗ്ധരാണു 1858 ല് ഡ്യൂക്കിന്റെ മരണ ശേഷമാണു ഇതു പൂറ്ത്തിയാക്കിയതു. ഡ്യൂക്കിനെ ഒരു ഈജിപ്ടില് നിന്നു വാങ്ങിയ ഒരു ശവകുടീരത്തില് ആണു അടക്കിയിരിക്കുന്നതു. ഇതിനെപറ്റി തന്നെ ഒരു കഥ ഉണ്ടു. പ്രഭു തന്റെ പൂറ്വികരെ അടക്കം ചെയ്യാന് ശരിക്കും ഒരു മമ്മിയുടെ ശവകുടീരം ഈജിപ്റ്റില്

നിന്നും വാങ്ങി എന്നും അതു വാങ്ങിയ ശേഷം അതു ഡ്യൂപ്ലിക്കേറ്റ് ആണെന്നു മനസ്സിലാക്കി തന്റെ തന്നെ ശവകുടീരം ആക്കാന് മാറ്റി വച്ചു എന്നും ആണു ഈ കഥ.) ഒരു കറുത്ത മാറ്ബിള് ഫലകത്തില് ആണു ഇതു സ്ഥാപിച്ചിരിക്കുന്നതു.




അദ്ദേഹത്തിന്റെ 17 പൂര്വികരുടെ ശവകുടീരങ്ങള് ഇതിനു ചുറ്റും സ്ഥാപിച്ചിരിക്കുന്നു 1960 കളിലും 70 കളിലും ഈ കെട്ടിടം ക്ലൈഡ് നദിയിലുണ്ടായ വെള്ളപ്പൊക്കം കാരണം താഴ്ന്നു പോകുന്നു എന്നു കണ്ടു. കെട്ടിടം വിള്ളല് വീണു തകരുമോ എന്നു പോലും ഭയന്നു. തല്ക്കാലത്തേക്ക്ശവകുടീരങ്ങള് അവിടെ നിന്നു മാറ്റുകയുണ്ടായി. എന്നാല് ക്രമേണ കെട്ടിടം താഴ്ന്ന നിലയില് തന്നെ ഉറച്ചു കാര്യമായ തകരാറ് ഒഴിവായി. ശവശരീരങ്ങൾ വീണ്ടും ഹാമില്ട്ടന് സെമിത്തേരിയില് തന്നെ അടക്കം ചെയ്തു

ഈ ശവകുടീരത്തിനകത്തു ഓടില് നിറ്മിച്ച വാതിലുകളും പ്രതിമകളും സ്ഥാപിച്ചിരിക്കുന്നു. ഇതിനുള്ളില് ആണു ലോകത്തിലെ ഏറ്റവും കൂടുതല് സമയം നിലനികുന്ന പ്രതിമുഴക്കം

(എക്കോ) ഉണ്ടാകുന്നതു. ഈ കെട്ടിടത്തിന്റെ ഉള്ളിലെ ഹാളില് രണ്ടറ്റത്തും നില്ക്കുന്ന രണ്ടു പേർ തമ്മില് വളരെ ചെറിയ ശബ്ദത്തില് പോലും സംസാരിച്ചാല് മറ്റെയാളിനു വ്യക്തമായി കേള്ക്കാന് കഴിയുമത്രേ ."സംസാരിക്കുന്ന ഭിത്തികള് എന്ന് ഇതിനെപറ്റി പറയുന്നു. ശബ്ദവീചികളെ പ്രതിഫലിപ്പിക്കാനുള്ള അപൂറ്വമായ കഴിവു ഇവിടെ ഉപയോഗിച്ച വാസ്തുവിദ്യക്കുണ്ടു. 1970 ല് സ്ഫടികത്തില് നിറ്മിച്ച ഇതിന്റെ മൂടി മാറ്റി പെറ്സ്പെക്റ്റു കൊണ്ടു നിറ്മിച്ച ഒരെണ്ണം ഹെലി കോപ്ടറ് ഉപയോഗിച്ചു. സ്ഥാപിച്ചു.ഒരു ഈ ശവകുടീരം പൊതുജനങ്ങള്ക്കു കാണാന് വേണ്ടി തുറന്നു കൊടുക്കുന്നു. കെട്ടിടത്തിന്റെ മുന്ഭാഗത്തു ജീവിതത്തിന്റെ മൂന്നു മുഖങ്ങള്, ജനനമരണങ്ങളെയും അനശ്വരതയെയും കാണിക്കുന്ന മൂന്നു മുഖങ്ങള് സ്ഥാപിച്ചിരിക്കുന്നു. ഈ മുഖങ്ങളില് അനശ്വരതയുടെ മുഖത്തിനു മാത്രം തീരെ മാറ്റം വരാതെ നിലനില്കുന്നു, കാണികളെ അത്ഭുതപ്പെടുത്തുന്നു..






7: എഡിന്ബറോ നഗരം

സ്കൊട്ട്ലന്റിന്റെ തലസ്ഥാന നഗരമാണ് എഡിന്ബറോ. ഈ നഗരത്തിനു രസകരമായ ഒരു ചരിത്രമാണുള്ളത്. വളരെ വര്ഷങ്ങൾ പഴക്കമുള്ളതാണീ നഗരം. മദ്ധ്യയുഗത്തിൽ ഇവിടെ ഒരു കോട്ട നഗരം ഉണ്ടാക്കി. ഏഴാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടു വരെ നോര്തംബ്രിയ എന്ന രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഇത്. ഇത് സ്കോട്ട്ലണ്ട് രാജാക്കന്മാരുറെ ഔദ്യോഗിക വസതിയായി മാറി. 14 ആം നൂറ്റാണ്ടോടുകൂടി ഇത് സ്കൊട്ട്ലന്റിന്റെ തലസ്ഥാനമായി അംഗീകരിക്കപ്പെട്ടു. 18 ആം നൂറ്റാണ്ടിൽ നഗരത്തിന്റെ വ്യാപ്തി വര്ദ്ധിപ്പിച്ചു. 19 ആം നൂറ്റാണ്ടിൽ ഗ്ലാസ്ഗോ നഗരം വിപുലമാക്കുന്നതിന് മുമ്പ് സ്കോട്ട്ലന്റിലെ ഏറ്റവും വലിയ നഗരം ഇതുതന്നെ ആയിരുന്നു.



സ്കോട്ട്ലന്റിലെ ആദ്യകാല നിവാസികൾ 8,500 BC ക്കു അടുത്തു ആയിരുന്നു എന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട് .

അവർ കക്കായിറച്ചിയും മറ്റും ഭക്ഷിച്ചിരുന്നതായി കണ്ടെത്തി. ഹിമയുഗത്തിന്റെ അവസാനം എഡിന്ബരോയിൽ ധാരാളം ആള്ക്കാർ താമസം തുടങ്ങിയത്രേ. ഇവിടത്തെ പ്രസിദ്ധമായ കാസിൽ നിർമ്മിച്ച പാറകളിൽ ഇതിനു വേണ്ട തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. 900 BC വരെ ഇവയുടെ പ്രായം കണക്കാക്കപ്പെട്ടു. കൃഷിപ്പണിയും ഇവർ കുന്നിന്റെ ചെരിവുകളിൽ നടത്തിയിരുന്നു .

BC 55ൽ റോമൻ ചക്രവര്ത്തി ജൂലിയസ് സീസർ ഇങ്ങ്ലീഷ് ചാനൽ കടന്നു ബ്രിട്ടനെ ആക്രമിച്ചു. എന്നാൽ അവര്ക്ക് ഉത്തരഭാഗത്തുള്ള മലയോര വാസികളെ പെട്ടെന്ന് തോല്പ്പിക്കാൻ കഴിഞ്ഞില്ല.AD 78 മുതൽ 84 വരെയുള്ള കാലഘട്ടത്തിൽ റോമൻ ഗവര്ണർ അഗ്രിക്കോള എന്നയാൾ 'പിക്ട്സ്' എന്നറിയപ്പെട്ട ആദ്യകാല താമസക്കാരെ തോല്പ്പിക്കു വാൻ പല പ്രാവശ്യം ശ്രമിച്ചു. അഗ്രിക്കോളായുടെ മരുമകൻ ടാസിറ്റാസ് ആണ് സ്കോട്ട്ലണ്ടിന്റെ വടക്കൻ ഭാഗത്തെ കാലിഡോണിയ എന്ന് വിളിച്ചത്. ഹാദ്രിയാൻ എന്ന ചക്ര വര്ത്തിയാണ് AD 122 നും 128നും ഇടയ്ക്ക് ഇന്ഗ്ലണ്ടിനും സ്കോട്ലണ്ടിനും ഇടയ്ക്കുള്ള കോട്ട ഉണ്ടാക്കിയത്. അത് ക്രമേണ ഈ രണ്ടു രാജ്യങ്ങള്ക്കിടയിൽ ഉള്ള അതൃത്തിയായി മാറുകയും ചെയ്തു.

എഡിന്ബറോയുടെ പേരിനെപ്പറ്റിയും ചില രസകരമായ വിവരങ്ങൾ ഉണ്ട്. സ്കോട്ട്ലണ്ടിലെ ആദ്യകാല കുടിയേറ്റക്കാരായ ഗോഡോഡിനോക്കളുടെ താമസസ്ഥലതിന്റെ കേന്ദ്രത്തിനു 'ടുൻ ഐഡെൻ' എന്ന പേരിലറിയപ്പെട്ടിരുന്നു. ഈ വാക്കിന്റെ അര്ഥം കുന്നിൻ ചരിവിലെ കോട്ട എന്നായിരുന്നുവത്രേ. കാസിൽ റോക്ക് എന്ന് പറയുന്നത് ഇതുതന്നെയാണ്. ബര്ഗ് എന്ന വാക്കിനും കോട്ട എന്നാണു. ചുരുക്കത്തിൽ ഐഡ്ന്റെ കോട്ടയാണ് എഡിന്ബാറോ ആയി മാറിയത്




എഡിന്ബറോയിലെകെട്ടിടങ്ങൾ







സ്കൊട്ട്ലന്റിന്റെ പേര് തന്നെ ആ ഭൂവിഭാഗത്തിൽ താമസിച്ചിരുന്ന സ്കോട്ടി എന്ന ആദിവാസികളുടെ പേരിൽ നിന്നാണ്. ഇവർ സ്കൊട്ട്ലണ്ടിന്റെ പശ്ചിമ ഭാഗത്താണ് താമസിച്ചിരുന്നത്. മറ്റു ഭാഗങ്ങളിൽ താമസിച്ചിരുന്ന പിക്ടുകളും സ്കോട്ടുകളും ആദ്യം വഴക്കടിച്ചിരുന്നു എങ്കിലും വൈകിങ്ങ്സ് എന്നവരുടെ ആക്രമണം ഉണ്ടായപ്പോൾ ഒന്ന് ചേര്ന്ന് അവരെ തുരത്താൻ ശ്രമിച്ചു. കെന്നത്ത് ആല്പ്പെയിൻ എന്ന പിക്ടുകളുടെ രാജാവാണ് സ്കൊട്ട്ലന്റിനെ ഒറ്റ രാജ്യമാക്കിയത്. ആല്പ്പിയിന്റെ ചെറുമകൻ ഡങ്കൻ 1035 ൽ സ്കോട്ട്ലണ്ടിലെ ആദ്യത്തെ രാജാവായി.

മദ്ധ്യകാലത്തെ സ്കോട്ട്ലണ്ട് മാല്ക്കം രാജാവ് മോനാമൻ ആണ് എഡിന്ബറോയിലെ കാസിൽ നിര്മ്മിച്ചത്.അദ്ദേഹത്തിന്റെ രാജ്ഞി മാര്ഗരെറ്റ് ഒരു ചെറിയ പള്ളിയും നിര്മ്മി ച്ചു. എഡിന്ബരോയിലെ ഏറ്റവും പഴക്കമുള്ള കെട്ടിടവും ഇത് തന്നെ. സ്വാതന്ത്ര്യ സമര യുദ്ധത്തിനിടയ്ക്ക് ഇന്ഗ്ലീഷുകാർ എഡിന്ബറോ കാസിൽ കീഴടക്കി. എന്നാൽ റോബര്ട്ട് ബ്രൂസിന്റെ അനന്തിരവനായ തോമസ് രാണ്ടോല്ഫ് ഈ നഗരം തിരിച്ചു പിടിച്ചു. ഇതിനു ശേഷം 1603 മുതൽ എഡിന്ബറോ സ്കൊട്ട്ലണ്ടിന്റെ തലസ്ഥാനമായി തുടരുന്നു. ജെയിംസ് ആറാമൻ രാജാവായപ്പോൾ എഡിന്ബറോ രാജാവിന്റെ താമസസ്ഥലവും നിയമസഭ കൂടുന്നയിടവുമായി.

വ്യാവസായിക വിപ്ലവ കാലത്ത് എഡിന്ബറോയിൽ ഗ്ലസ്ഗോയിലെപ്പോലെ മാറ്റങ്ങൾ ഉണ്ടായില്ല, പാരമ്പര്യ വ്യവസായങ്ങളായ മദ്യവ്യവസായം, പുസ്തക പ്രസിദ്ധീ കരണം, ബേക്കറി വ്യവസായം ഇവ തുടര്ന്നു . പുതിയ വ്യവസായങ്ങളായി സ്ഫടിക നിര്മ്മാണം, കളിമൺ പാത്രനിര്മ്മാണം, ഇരുമ്പ് ഫാക്ടരികൾ ഇവ ഉണ്ടായി

1997 ലെ ലേബർ പാര്ട്ടിയുടെ ഗംഭീര വിജയത്തോടെ സ്കൊട്ട്ലണ്ടിനു ഒരു പ്രത്യേക നിയമസഭ ഉണ്ടാക്കാൻ ഒരു അഭിപ്രായ വോട്ടെടുപ്പ് നടന്നു. അതനുസരിച്ചു 1998 ലെ സ്കൊട്ടലണ്ടു ആക്റ്റ് അനുസരിച്ച് പ്രത്യേക നിയമ നിര്മ്മാണ

സഭയുണ്ടായി. 1999 മെയിൽ ആദ്യ നിയമസഭ കൂടുകയും ചെയ്തു.

എഡിന്ബറോയിലെ കാഴ്ചകൾ

1. എഡിന്ബോറോ കാസിൽ

ഈ കാസിൽ എഡിന്ബറോ നഗരത്തിന്റെ മുഖമുദ്രയും ലോക പ്രശസ്തവും ആണ് . ബ്രിട്ടീഷ് ഐക്യനാടുകളിലെ ഒരു പാരമ്പര്യ സ്ഥലം (Heritage Attraction) ആയി തിരഞ്ഞെടുക്കപ്പെട്ടു സ്കോട്ട്ല ണ്ടിലെ ഏറ്റവും കൂടുതൽ സഞ്ചാരികളെ ആകര്ഷിക്കുന്ന സ്ഥലവും ഇത് തന്നെ.

ഈ കാസിലിനു സങ്കീര്ണമായ നിര്മ്മാണരീതി ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെയുള്ള മാര്ഗരറ്റ് ചാപ്പലാണ് ഏറ്റവും പഴയ കെട്ടിടം. ഇത് പന്ത്രണ്ടാം നൂറ്റാണ്ടിൽ ഉണ്ടാക്കിയതാണ്. ജെയിംസ് നാലാമൻ 1510 ൽ ഇവിടെ വലിയ ഒരു ഹാൾ ഉണ്ടാക്കി, 16 ആം നൂറ്റാണ്ടിൽ റീജന്റ് മോര്ട്ടൂൻ അര്ദ്ധ ചന്ദ്രാക്രുതിയിലുള്ള പട്ടാള ക്യാമ്പും ഉണ്ടാക്കി. ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം യുദ്ധത്തിൽ മരണപ്പെട്ടവര്ക്ക് വേണ്ടി സ്കോട്ടിഷ് യുദ്ധ സ്മാരകവും നിര്മ്മിച്ചു
.

2. ആര്ട്ട് ഗ്യാലറി

സ്കോട്ടിഷ് ദേശീയ കലാ ശേഖരം ലോകത്തിലെ ഏറ്റവും നല്ല കലാശേഖരങ്ങളിൽ ഒന്നാണ്. എഡിൻബറോയുടെ കേന്ദ്രഭാഗത്ത് തന്നെ മൌണ്ട് എന്നറിയപ്പെടുന്ന സ്ഥലത്താണിത്. പ്രവേശനം പൊതുവേ സൌജന്യമാണ്, ചില പ്രത്യേക പ്രദര്ശനങ്ങള്ക്ക് ചെറിയ ഫീസ് കൊടുക്കണം. 1859 ലാണ് ഇത് ആദ്യം തുറന്നു കൊടുത്തത്. പുനരുത്ഥാനകാലം മുതൽ അടുത്തകാലം വരെയുള്ള കലാ ശേഖരങ്ങൾ ഇവിടെ കാണാം.

സ്കൊട്ലണ്ടിലെ ലളിതകലകളെ പ്രോത്സാഹിപ്പിക്കാൻ ഒരു സംഘടന 1819 ൽ ഉണ്ടാക്കിയതാണ് ഇതിന്റെതുടക്കം. (Royal Institution for the Encouragement of the Fine Arts in Scotland,) അന്ന് മുതൽ പെയിന്റിങ്ങുകളും മറ്റും അവർ ശേഖരിച്ചു 1828 ൽ ഈ സ്ഥാപനത്തിന് കെട്ടിടം ഉണ്ടാക്കി ഉദ്ഘാടനം നടത്തി. 1826 ൽ ഒരു കൂട്ടം കലാകാരന്മാർ ചേര്ന്ന് സ്കോട്ടിഷ് അക്കാദമി ഉണ്ടാക്കി .പിന്നീട് ഇത് റോയൽ സ്കോട്ടിഷ് അക്കാദമി ആയി മാറി. ഇവരും കൂടി സഹകരിച്ചാണ് ഈ ദേശീയ ഗാലറി ഉണ്ടാക്കിയത് പല ഘട്ടത്തിലായി ഈ കലാശേഖരം ലോകോത്തരമായി മാറി. 1970 ൽ ഇതിനു പുതിയ കെട്ടിടവും ഉണ്ടാക്കി

.3. റോസ് ഫൌണ്ടൻ പാര്ക്ക്


എഡിൻബറോയിലെ പ്രധാന തെരുവിന്റെ വശത്തുള്ള ഒരു വലിയ പാര്ക്കിന്റെ ഒരറ്റത്ത് സ്ഥിതി ചെയ്യുന്ന റോസ് ഫൌണ്ടൻ അതി ഗംഭീരമായ ഇരുമ്പു കൊണ്ടുള്ള ഒരു നിര്മ്മാണം ആണ്. 19 ആം നൂറ്റാണ്ടിൽ അന്റോയിൻ ഡ്രെൻ മേയ്ത്രേ ആണ് ഇത് നിര്മ്മിച്ചത്. പല തട്ടുകളായി നിര്മ്മിച്ച ഈ ശില്പം അതീവ ഭംഗിയുള്ളതു മാണ്. ഇത് വലിയൊരു പാര്ക്കി ന്റെ ഒരു ഭാഗത്താണ്, മറ്റേ ഭാഗത്ത് ഉദ്ധ സ്മാരകവും മറ്റൊരു ഭാഗത്ത് കുട്ടിക്കളുടെ കളിസ്ഥലവും ഉണ്ട്




8 പതിനെട്ടാം നൂറ്റാണ്ടിലെ ഒരു സോഷ്യലിസ്റ്റ് പരുത്തിമില്ലിന്റെ കഥ

സ്കോട്ട്ലണ്ടിലെ കൈൽഡ് നദീതീരത്തുള്ള ഒരു ചെറിയ ഗ്രാമമാണു ന്യൂലനാർക്ഷയര്. 1786 ല് ഡേവിഡ് ഡെയില് എന്ന ആള് സ്ഥാപിച്ച ഒരു പരുത്തി മില്ല് ഇന്നും അവിടെ പ്രവര്ത്തിക്കുന്നു. വൈദ്യുതിയുടെ ഉപയോഗം കാര്യമായി തുടങ്ങാത്ത ആ കാലത്തു കൈൽഡ് നദിയിലെ വെള്ളച്ചാട്ടത്തിന്റെ ശക്തി ഉപയോഗിച്ചാണു ഈ മില്ല് പ്രവര്ത്തിച്ചിരുന്നതു. ഡേവിഡ് ഡെയിലിന്റെ കാലശേഷം മരുമകന് റോബെര്ട് ഓവന് ഈ മില്ലിന്റെ ഭരണം ഏറ്റെടുത്തു. ഈ കാലത്തു ഈ മില്ല് വളരെ അധികം വളര്ന്നു. ഒരു തികഞ്ഞ മനുഷ്യസ്നേഹിയും സാമൂഹ്യപരിഷ്കര്ത്താവും ആയിരുന്ന റോബെര്ട് ഓവന് തന്റെ ഉടമസ്ഥതയിൽ ഉള്ള മില്ലില് സോഷ്യലിസ്റ്റ് ആശയങ്ങള് നടപ്പാക്കി. ഈ ആശയം ആദ്യമായി സാക്ഷാല്കരിക്കപ്പെട്ട വ്യവസായങ്ങളില് ഒന്നായി ഈ പരുത്തി മില്ല് 1968 വരെ ഈ മില്ല് പ്രവര്ത്തനം നടക്കുന്നുണ്ടായിരുന്നു. നശിച്ചു പോകുമെന്നു തോന്നിയ ഈ ചരിത്ര സ്മാരകത്തെ നിലനിര്ത്താനായി ഒരു ട്രസ്റ്റ് 1975 ല് സ്ഥാപിച്ചു. 2006 ഓടുകൂടി കെട്ടിടങ്ങളുടെ കേടുപാടുകള് നീക്കി ഇതു ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറി. യുണെസ്ക്കോയുടെ ലോക പാരമ്പര്യസ്ഥാനം (ഹെറിടേജു സൈറ്റ്) ആയി ഇതു ഇന്നു നിലനില്ക്കുന്നു. നീതിപൂര്വവും ചൂഷണ രഹിതവുമായ ഒരു വ്യവസായിക പാരമ്പര്യത്തിന്റെ ആദ്യകാല ഉദാഹരണമായി.

മില്ല് സ്ഥാപിച്ച ഡേവിഡ് ഡെയില് എന്ന ധനികന്റെ വേനല്ക്കാല വസതി ആയിരുന്നു ഇന്നു മില്ല് ഇരിക്കുന്ന സ്ഥലം. സ്ഥാപകന്റെ കാലത്തു വലിയ മാഹാത്മ്യം ഒന്നും അതിനു നേടാനായില്ല എങ്കിലും അദ്ദേഹ ത്തിന്റെ പിന് ഗാമി റോബെര്ട് ഓവെന് (1800-1825) ഇതു ഒരു വ്യവസായഗ്രാമം ആക്കി മാറ്റി. മനുഷ്യസ്നേഹി ആയിരുന്ന അദ്ദേഹം സോഷ്യലിസത്തില് വിശ്വസിച്ചിരുന്നു. തൊഴിലാളികള്ക്കു താമസിക്കാനുള്ള വീടുകളും കുട്ടികള്ക്കു പഠിക്കാന് വേണ്ടി സ്കൂളും



എന്തിനു കൊച്ചു കുട്ടികള്കുള്ള നഴ്സറി വരെ അദ്ദേഹം അവിടെ ഉണ്ടാക്കി. ഓവന്റെ കാലത്തു 2500 ഓളം ആള്കാര് ഇവിടെ താമസിച്ചിരുന്നു. ഗ്ലാസ്ഗോയില് നിന്നും എഡിന്ബറൊയില് നിന്നും വന്ന അരപ്പട്ടിണിക്കാരായ പല തൊഴിലാളികള്ക്കും ഇതു ഒരു അനുഗ്രഹമായി മാറി. 1816 ല് ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുവാന് ഒരു ശിശുഭവനം വരെ അവിടെ സ്ഥാപിച്ചിരുന്നു. ഒരു വ്യവസായത്തിന്റെ വിജയത്തിനു അവിടെ ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമം അനുപേക്ഷണീയമാണെന്നു ഓവന് മനസ്സിലാക്കി. ഈ മില്ല് വളര്ന്നു യൂറോപ്പിനു മുഴുവന് അനുകരണീയമായ ഒരു മാതൃക ആയി മാറി. പല ഭാഗങ്ങളില് നിന്നും പ്രഭുക്കളും സാധാരണക്കാരും ഈ മിലില്ലന്റ അഭിവൃദ്ധി കാണാന് എത്തി. അവര് കണ്ടതു വൃത്തിയും വെടുപ്പു മുള്ള ഒരു വ്യവസായ സ്ഥാപനവും ഉത്സാഹപൂര്വം ജോലിചെയ്യുന്ന തൊഴിലാളികളെയും ആണു. തൊഴിലാളികളുടെ താമസത്തിനും മാനസികോല്ലാസത്തിനും വേണ്ടതെല്ലും അവിടെ ഉണ്ടായിരുന്നു. ലാഭത്തിനു വേണ്ടി

തൊഴിലാളികളെ ചൂഷണം ചെയ്യാതെ തന്നെ ഒരു വ്യവസായം ലാഭകരമായി നടത്താമെന്നു ഓവന് കാണിച്ചു കൊടുത്തു. എന്നാല് ഓവന്റെ കൂട്ടു മുതലാളിമാര്ക്കു ഇതൊന്നും ഇഷ്ടമായിരുന്നില്ല. തൊഴിലാളി ക്ഷേമത്തിനു വേണ്ടി അമിതമായി പണം ചിലവാക്കുന്നു എന്നായിരുന്നു അവരുടെ പരാതി. വ്യവസായ വിപ്ലവത്തിന്റെ കാലത്തുണ്ടായ ഈ വ്യവസായം ബ്രിട്ടനിലെ മാത്രമല്ല ലോകത്തിലെ തന്നെ വ്യവസായികളുടെ ചിന്താഗതിയില് കാര്യമായ മാറ്റത്തിനു കാരണമായി. മറ്റു പല വ്യവസായങ്ങള്ക്കും ഒരു മാതൃക ആയി ഇതു നിലനിന്നു. 1825 ഇല് ഈ വ്യവസായം കൈമാറ്റപ്പെട്ടു. ഒരു വാല്കര് കുടുംബം ഏറ്റെടുത്തു .ഇവരുടെ പിന്മുറക്കാരാണ് ഈ മില്ല്1968 വരെ നിലനിറുത്തിയതു.

ആദ്യകാലത്തു തൊഴിലാളികള്ക്കു ഒരൊറ്റ മുറിയില് കുടുംബം മുഴുവന് താമസിക്കേണ്ടി വന്നിരുന്നു. എന്നാല് ക്രമേണ ജീവിത സൌകര്യങ്ങള് മെച്ചപ്പെട്ടു. 1898 ഇല് ഗ്രാമസഭതൊഴിലാളികള്ക്കു വൈദ്യുതി സൌജന്യമായി നല്കി, ഒരുബള്ബു കത്തിക്കാനെങ്കിലും.ഞായറാഴ്ച രാത്രി പത്തുമണിക്കും വെള്ളിയാഴ്ചയും ശനിയാഴ്ചയും പതിനൊന്നു മണിക്കും വൈദ്യുതിബന്ധം വിച്ഛേദിച്ചിരുന്നു. 1955 ല് ലനാറ്ക് ഷെയറ് ഗ്രാമം ദേശീയ ഗ്രിഡുമായി ബന്ധിപ്പിക്കപ്പെട്ടു

ഇന്നു ഈ ഗ്രാമം ധാരാളം സഞ്ചാരികളെ ആകറ്ഷിക്കുന്നു. ഒരു വറ്ഷം സുമാറ് നാലു ലക്ഷം ആള്കാര് ഇന്നു അവിടം സന്ദറ്ശിക്കുന്നു യുനേസ്കോയും സ്കോട്ട്ലണ്ടു സര്ക്കാരും ഇതിന്റെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കി കഴിഞ്ഞു. സ്ക്കോട്ട്ലണ്ടിലെ അഞ്ചു ഹെറീറ്റെജു സ്ഥലങ്ങളില് ഒന്നാണിത്. മില്ലും പഴയ കെട്ടിടങ്ങളും തകരാറു കൂടാതെ നിലനിറ്ത്തി വരുന്നു. ചരിത്രപരമായ ഇതിന്റെ പ്രാധാന്യം നില നിറ്ത്തിക്കൊണ്ടു തന്നെ.ഇന്നു അവിടം സന്ദറ്ശിക്കുന്ന ഒരാള്ക്കു ഈ മിലില്ലന്റ ചരിത്രം ഒരു പതിനാലുകാരിയുടെ വാക്കുകളില് അവതരിപ്പിക്കപ്പെടുന്നു. ആനീ മകില്ലേയോള്ഡ് എന്നു പേരുള്ള ആ

കുട്ടി പണ്ടത്തെ അവളുടെ



.



കുടുംബത്തെയും അവളും അവളുടെ അച്ഛനമ്മമാര് ജോലി ചെയ്തിരുന്ന മിലില്ലല രീതികളും നമുക്കു കാണിച്ചു തരുന്നു. വെളിച്ചവും ഇരുട്ടും സമ്മിശ്രമായി, പ്രതിമകളും സിനിമാ പ്രദര്ശനവും ഇടകലര്ത്തിയാണു ഈ പ്രദര്ശനം ഒരുക്കിയിരിക്കുന്നതു.ഇപ്പോഴും പ്രവര്ത്തിക്കുന്ന പരുത്തി മില്ലും ജലചക്രവും കാണാം. മൂന്നു നിലകളിലായി ഒരുക്കിയിരിക്കുന്ന ഈ കാഴ്ചകള് ഒരു ട്രോളിയില് ഇരുന്നു തന്നെ കാണാം. മിലില്ലന്റ്റ ഏറ്റവും ഉയര്ന്ന നിലയുടെ തട്ടില് ഒരു നല്ലപൂന്തോട്ടവും ഉണ്ടു. ലനാര്ക് ഷയര് ഗ്രാമത്തിന്റെ ഒരു വിഹഗവീക്ഷണവും അവിടെ നിന്നു കിട്ടും. റോബര്ട് ഓവെന് താമസിച്ചിരുന്ന വീടും അദ്ദേഹം സ്ഥാപിച്ച സ്കൂളും ശിശുഭവനവും എല്ലാം കാണാം.

ഇവിടെ കോണ്ഫെറന്സുകളും വിവാഹ സല്കാരങ്ങളും നടത്താനുള്ള സൌകര്യങ്ങള് ഉണ്ടു. ഹോട്ടലും മറ്റു സൌകര്യങ്ങളും ഇതിനു ലഭ്യമാണു.സന്ദര്ശകര്ക്കായി കൌതുക സാധനങ്ങള് വാങ്ങാന് ഒരു കടയും ഭക്ഷണം കഴിക്കാന് ഒരു റെസ്റ്റോറന്റും ഉണ്ടു. സ്കോട്ലണ്ടിന്റെ തനതായിട്ടുള്ള പ്രത്യേക സ്മരണികകള് ഇവിടെനിന്നു തിരഞ്ഞെടുക്കാം. വില അല്പം കൂടും എന്നു മാത്രം.ഒരു താക്കോല് വളയത്തിനു പോലും മൂന്നു പൌണ്ടു വില കൊടുക്കേണ്ടി വരും എന്നു മാത്രം.നദീതീരത്തു കൂടി കുറച്ചു ദൂരം നടന്നാല് ചുറ്റുപാടുമുള്ള വനത്തില് ജീവിക്കുന്ന പക്ഷികളുടെയും മൃഗങ്ങളുടെയും വിവരങ്ങള് പ്രദര്ശിപ്പിക്കുന്ന ഒരു ചെറിയ പ്രദര്ശന ശാലയും ഉണ്ടു. രണ്ടു വൃദ്ധ ദമ്പതികള് ആണു ആ പ്രദര്ശന ശാല നടത്തുന്നതു എന്നു തോന്നുന്നു. അവിടെ നിന്നു നടപ്പാത വഴി ക്ലൈഡ് നദിയുടെ ഉത്ഭവ സ്ഥാനത്തുള്ള വെള്ള ചാട്ടത്തിനടുത്തു വരെ എത്താം.





സോഷ്യലിസം എന്ന മഹത്തായ ആദറ്ശം മാലോകരെ അറിയിക്കാന് വേണ്ടിയെന്നോണം ഉണ്ടായ ഈ പരുത്തി മില്ല് സ്കോട്ട്ലണ്ടിന്റെ മറ്റൊരു തിലകക്കുറി ആയി നിലകൊള്ളുന്നു.

8 : ഒരു ജന്മദിനവും സഫാരി പാര്ക്കും

(ബെയ്ലര് ഡ്റമ്മോണ്ടു സഫാരി പാര്ക്ക്)

സഫാരി പാര്ക്കുകള് പല സ്ഥലത്തും ഉണ്ട്. ആഫ്രിക്കയാണ് സഫാരികള്ക്ക് പ്രസിദ്ധം. എന്നാല് ഇതുവരെയും അവിടെ പോകാനോ ആഫ്രിക്കന് സഫാരി നേരിട്ട് കാണാനോ കഴിഞ്ഞിട്ടില്ല. സിംഗപൂരിലെ രാത്രി സഫാരി കണ്ടിട്ടുണ്ടെങ്കിലും ഒരു ശരിയായ പകല് സഫാരിയുടെ അനുഭവം കിട്ടിയിട്ടില്ല. ഒരു റെയിൽ പാളത്തിൽ കൂടി കാഴ്ചക്കാർ, അവരെ നോക്കി മത്തടിച്ചു നിൽക്കുന്ന പോലെ ചില മൃഗങ്ങൾ , അത്രയുമേ ഉണ്ടായിരുന്നുള്ളൂ അവിടെ. അപ്പോഴാണ് മകന് പറയുന്നത് സ്കൊട്ട്ലന്റില് ഒരു സഫാരി ഉണ്ടെന്നു. കൊച്ചുമകന്റെ ജന്മദിനവും കൂടി ആയപ്പോള് നല്ലഅവസരം. അയാളക്കാണെന്കില് ഏറ്റവും അടുത്ത ഞങ്ങള് കഴിഞ്ഞാല് പ്രിയം ദിനോസറിനെയും മറ്റുമാണ്. അതു കൊണ്ടു ചെറിയ രീതിയില് ജന്മദിനം ആഘോഷിച്ചു പായസവും കുടിച്ചു പുറപ്പെട്ടു. പേര് കേള്ക്കാന് അത്ര സുഖം പോര. ബെയ്ലര് ഡ്റമ്മോണ്ടു സഫാരി പാര്കെന്നാണ് പേര്. പേര് തന്നെ വായില് കൊള്ളാത്തത്. ഏതായാലും പോയി നോക്കുക തന്നെ



ഒരു മണിക്കൂര് കാറില് ഡ്രൈവ് ചെയ്താണ് അവിടെ എത്തിയത്. സ്കോട്ട്ലന്റിലെ നാട്ടിന്പുറത്ത് കൂടിയുള്ള യാത്ര ഒരിക്കലും ബോറടിക്കുകയില്ല ടിക്കറ്റെടുത്തു വണ്ടി അകത്തെത്തിയപ്പോഴാണു കാര്യം മനസ്സിലായത്. നല്ല കാലാവസ്ഥ ആയതുകൊണ്ട് നല്ല തിരക്ക്, നൂര് കണക്കിന് കാറുകള് അവിടെ ഉണ്ട്. ആള്ക്കാര് പിക്നിക് സ്റ്റൈലില് ഭക്ഷണം കഴിച്ചു ബിയറും കുടിച്ചു കൂടിയിരിക്കുന്നു. കുട്ടികള് മൃഗങ്ങളുടെ പുറകെ ഓടിക്കളിക്കുന്നു. ഒരു കുളത്തില് രണ്ടു മുന്നു കടല് സിംഹങ്ങള് (sea lions) സുഖമായി ഉറങ്ങുന്നു. അടുത്ത് നടക്കുന്ന അവരുടേതായ പ്രദര്ശനത്തിന്നു അവരുടെ ഊഴവും കാത്തു.



കടല് സിംഹങ്ങൾ വളരെ അനുസരണയുള്ളവയാണ്. അവരെ പരിശീലിപ്പിച്ച മാതിരി തന്നെ എല്ലാ കാണിക്കുന്നുണ്ട്. കൊച്ചു കുട്ടികളെ പോലെ കയ്യടിക്കാനും തല കുത്തി മറിയാനും എല്ലാ അവയെ പരിശീലിപ്പിച്ചിരിക്കുന്നു. ഓരോന്നും കഴിയുമ്പോള് കുട്ടികള്ക്ക് മുട്ടായി കൊടുക്കുമ്പോലെ അവയ്ക്ക് മത്സ്യം ഇട്ടു കൊടുക്കണം, ഇല്ലെങ്കില് ബാക്കി പരിപാടി തഥൈവ.

ഇരതേടുന്ന പക്ഷികളുടെ പ്രദര്ശനവും നന്നായിരുന്നു. കിലോമീടര് ഉയരത്തില് നിന്ന് പോലും താഴെയുള്ള കോഴിക്കുഞ്ഞുകളെ കാണാനും റാഞ്ചി എടുക്കാനും കഴിയുന്ന പരുന്തുകളും മാംസക്ക്ഷണങ്ങള് ദൂരെ നിന്ന് പറന്നു വന്നു കയ്യില് നിന്ന് റാഞ്ചി എടുക്കുന്നതും മറ്റും കാണിച്ചു. കയ്യില് തുകലിന്റെ കയ്യുറ ധരിച്ചിലെങ്കിൽ ചിലപ്പോള് മാംസക്ക്ഷണത്തിന് പകരം പരിശീലകന്റെ വിരല് ആയിരിക്കും അവ ഭക്ഷിക്കുക.



ജോണ് കെ എന്ന തേയില വ്യവസായി 1916 ഇല ആണ് ബെയ്ലര് ഡ്റമ്മോണ്ടു കുടുംബത്തിനു വേണ്ടി ഈ സ്ഥലം വാങ്ങിയത്. തനിക്കു് കുട്ടികളൊന്നും ഇലാതിരുന്നുകൊണ്ട് അദ്ദേഹം ഈ സ്ഥലം തന്റെ അനന്തിരവന് ജോണ് മുര് എന്ന ആളിന് നല്കി. ജോണ് മൂറിന്ടെ മകനാണ് ഇന്നത്തെ ഉടമ ജാമീ മൂര്. 1970 ഇല ആണ് ഇതൊരു സഫാരി പാര്ക്കായി തുറന്നത്. 1977 ഇല ഇത് കാംബെല് എന്ന ആളിന്റെ പേരിലുള്ള ഒരു ട്രസ്റ്റ് വാങ്ങു കയും ചെയ്തു. ഈ ട്രസ്റ്റ് ശാരീരികമായ അവശതകള് അനുഭവിക്കുന്നവരെ


സഹായിക്കുവാൻ വേണ്ടി സ്ഥാപിച്ചതായിരുന്നു. 1715 ഇല ഉണ്ടാക്കിയ വിക്ടോറിയന് ഗൃഹം നില നിന്നിരുന്ന ഇടത്തില് ആണ് ഇന്നത്തെ ജിറാഫുകളുടെ വിഹാര ഭുമി. ഈ സഫാരി മൈതാനത്തില് ഉള്ള മറ്റു പല മരങ്ങളും ഇതിലും പഴക്കമുള്ള വയാണ്. ഓരോ വര്ഷവും പല പുതുമകളും ഇവിടെ ഉണ്ടാക്കുന്നു, പുതിയ മൃഗങ്ങളെയും കൊണ്ടു വരുന്നു. ഈ സഫാരിയിലെ എല്ലാവരും തന്നെ പുതുവത്സരത്തെ സന്തോഷപൂര്വം കാത്തിരിക്കുന്നു.

വൈവിധ്യമാര്ന്ന, മൃഗങ്ങളെ കൂടാതെ കടല് സിംഹ ങ്ങളുടെ പ്രദർശനം (ദിവസം നാല് പ്രാവശ്യം) , വളര്ത്തു മൃഗങ്ങളുടെ ശേഖരം, ബോട്ട് യാത്രക്കുള്ള സൗകര്യം, ഇര പിടിയന് പക്ഷികളുടെ പ്രകടനം, ചിമ്പന്സികളുമായുള്ള കുടിക്കാഴ്ച, ഫുട്ബാളും മറ്റും കളിക്കാനുള്ള സൗകര്യം എന്നിവയും ഒരുക്കിയിട്ടുണ്ട്. മിക്കവാറും എല്ലാ തരം മൃഗങ്ങളും ഇവിടെ ഉണ്ട്, അവരുടെ സ്വാഭാവിക പാര്പ്പിടത്തില് താമസിക്കുന്നത് പോലെ ത്തന്നെ. ആന്റെലോപ്, സീബ്രാകള്, ഇര പിടി പക്ഷികള്, ഒട്ടകങ്ങൾ, കാട്ടുപോത്തുകൾ , ജിരാഫ്ഫുകള്, ലെമുവര് എന്ന പ്രത്യേകതരം , കുരങ്ങുകള്, സിംഹങ്ങള്, ആനകള്, കണ്ടാമൃഗങ്ങൾ , പെന് ഗുയിനുകള് , ഓസ്റ്റ്റിച്ചുകള് , കടുവാകള്, എന്നിവ ഉദാഹരണങ്ങള് ആണ്. മൃഗങ്ങളെ സ്നേഹിക്കുന്നവർക്ക് അവയെ ദത്തെടുക്കാനും അവസരം ഉണ്ട്. ഞങ്ങള് കറങ്ങി കാണ്ടാമൃഗങ്ങളുടെ അടുത്ത് എത്താറായപ്പോള് തൊട്ടു മുമ്പിലെ കാറുകാരനെ സഖാക്കള്ക്ക് പിടിച്ചില്ലഎന്ന് തോന്നി. അഞ്ചെണ്ണം ഉള്ളതില് രണ്ടെണ്ണം കാറിന്റെ നേരെ ചീറിക്കൊണ്ടടുത്തു.

ഏതാനും നിമിഷങ്ങള്ക്കകം ജീപ്പില് രക്ഷകര് എത്തി. അവയെ തന്ത്ര പൂര്വം കാറിന്ടടുത്ത് നിന്ന് മാറ്റി. പുറകില് നിന്ന ഞങ്ങള് , പ്രത്യേകിച്ചും സ്ത്രീ ജനങ്ങള് ഭയചകിതരായി എന്ന് പറയേണ്ടതില്ലല്ലോ, ഉച്ചസമയം ആയതുകൊണ്ട് മൃഗരാജാക്കള് ഭക്ഷണശേഷം അല്പം വിശ്രമിക്കാന് തുടങ്ങുകയായിരുന്നു. അവരുടെ മാത്രം ഫോട്ടോ എടുക്കാന് പറ്റിയില്ല, അധികം

അടുത്താല് കക്ഷികള് എങ്ങിനെ പ്രതികരിക്കുമെന്നും അറിയാത്തത് കൊണ്ടു ഞങ്ങള് മുമ്പോട്ടു പോയില്ല

ഏതായാലും മുന്നു മണിക്കൂറോളം അവിടെയൊക്കെ ചുററിനടന്നു കുട്ടന് ഐസ് ക്രീമും വാങ്ങി ഞങ്ങള് കൊണ്ടു പോയ ഭക്ഷണം തീർന്നപ്പോള് തിരിച്ചു പോന്നു. തുകച്ചും ഉന്മേഷവാന്മാരായി.





.

9.സ്കോട്ടിഷ് മലയോരം (Scottish Highlands)

സ്കൊട്ലന്റിലെ മലയോര പ്രദേശമെന്നും സമതല പ്രദേശമെന്നും തരം തിരിക്കാം. സ്കോട്ടിഷ് മലയോരത്തിൽ കൂടിയുള്ള യാത്രയിൽ നയനാനന്ദകരമായ ഒരുപാടു കാഴ്ചകൾ കാണാനുണ്ട്. മലയോര പ്രദേശങ്ങളിലെ ആദ്യകാല താമസക്കാർ ഗെയില്സ് (Gaels) എന്നവരായിരുന്നു, അവരുടെ ഭാഷ ഗെയിളിക് ഭാഷയും. അതേ സമയം താഴ്ന്ന പ്രദേശങ്ങളിൽ സ്കോട്ടുകൾ ആയിരുന്നു താമസിച്ചിരുന്നത്. ഇവർ താമസിച്ചിരുന്ന ഭൂവിഭാഗങ്ങൾ തമ്മിൽ ഒരു അതൃത്തി ഉണ്ടായിരുന്നത് ഗ്രെയിറ്റ് ഗെന്ല് എന്ന ഭൂവിഭാഗം ആയിരുന്നു. അത്. ഇൻ വെര്നെനസ്സ് (Inverness) എന്ന സ്ഥലം മുതൽ ലിന്നെ ലോക് (Loch Lynnhe) വരെയുള്ള ഭൂവിഭാഗം ആണ് താഴ്ന്ന ഭാഗമായി കണക്കാക്കുന്നത്. മലയോര പ്രദേശത്തെയും സമതല പ്രദേശത്തെയും സംസ്ക്കാരത്തിലും ഭാഷയിലും മറ്റും ഇന്നും വ്യത്യാസം കാണാം. ഗെയ്ലിക് കാല ക്രമേണ ഈ ഭാഷ ചില ദ്വീപുകളിൽ മാത്രമായി ഒതുങ്ങി എന്നത് വസ്തുതയാണ്.



മലയോരപ്രദേശമാണ് സ്കോട്ട്ലന്റിലെ ഏറ്റവും പ്രകൃതി ഭംഗിയുള്ള ഭൂവിഭാഗം. മനുഷ്യൻ കയ്യേറി നശിപ്പിക്കാത്ത തനതായ പ്രകൃതിയും പരുക്കൻ കുന്നു കളും തടാകങ്ങളും ചുവന്ന മാനുകളും കഴുകന്മാരും എലല്ലം ഈ ഭൂവിഭാഗത്തെ സുന്ദരമാക്കുന്നു. ഈ ഭാഗ

ത്തെ കാലാവസ്ഥ വളരെ പെട്ടെന്ന് മാറുന്നു എന്നതും മറ്റൊരു ആകര്ഷകമായ വസ്തുതയാണ്. ഇത് മലയോരത്തെ ഒരു അത്യപൂര്വമായ ഒരു മിസ്റ്റിക് കാഴ്ച്ചയാക്കുന്നു. ഒരു നിമിഷം നല്ല സൂര്യ പ്രകാശവും ഏതാനും മിനുട്ടുകൾ കഴ്ഞ്ഞാൽ കാർമേഘങ്ങൾ നിറഞ്ഞു മഴപെയുകയും ഇവിടെ സാധാരണമാണ്. മലയോര ഭാഗത്തെ കാസിലുകൾ വിവാഹാഘോഷങ്ങള്ക്ക് ഇക്കാരണത്താൽ ഉപയോഗിക്കുന്നുവത്രേ.



മലയോര മാൻ

എന്നാൽ ചില കാര്യങ്ങളിൽ ഈ പ്രദേശം കുപ്രസിദ്ധവുമാണ്. ചരിത്രപരമായി മലയോര ഭാഗത്ത് താമസിച്ചിരുന്ന ചില മുഖ്യന്മാരും മറ്റു പല പ്രാവശ്യം താഴ്ന്ന ഭാഗത്ത് താമസിക്കുന്നവരെ കൊള്ളയടിക്കാനും കൊലപാതകം നടത്താനും സംഘര്ഷ്ങ്ങൾ ഉണ്ടാക്കാനും പലപ്പോഴും ശ്രമിച്ചിരുന്നു. രക്തരൂഷിതമായ പല സംഘട്ടനങ്ങളിലെക്കും ഇത് നയിച്ചു. ഇവരിൽ എഡ്ഗർ വാലസ് , റോബ് റോയ് മക്ഗ്രെഗോർ എന്നിവരുടെ പേരുകൾ പ്രസിദ്ധമാണ്. ഇതിന്റെ നല്ലൊരു ഉദാഹരണമാണ് 1692 ലെ ഗെല്ല് കോയിലെ കൂട്ടക്കൊല. ഇങ്ഗ്ലീഷ് ക്യാപ്റ്റൻ റോബര്ട്ട് ക്യാംപ്ബെൽ ഗെല്ല് കോയിലെ മാക്ഡോനാത്സിന്റെ അതിഥിയായി താമസിച്ചിരുന്നു. അര്ദ്ധരാത്രിയിൽ ഗെല്ല്കോയിലെ പട്ടാളക്കാർ അതിഥികൾക്കെതിരെ തിരിഞ്ഞു 37 പുരുഷന്മാരെ യും 40 സ്ത്രീകളെയും നിര്ദ്ദയം

വധിച്ചു. അവർ താമസിച്ചിരുന്ന വീടും തീവച്ചു നശിപ്പിച്ചു. ഇതിനു കാരണമായി പറയുന്നത് ഗെല്ല് മുഖ്യനായിരുന്ന അലസ്ടെയർ മകെയ്ലിം വില്യം രാജാവ് മൂന്നാമനെ അംഗീകരിച്ചിരുന്നില്ല എന്നതായിരുന്നുവത്രേ.

ഇത്തരം കുടുംബങ്ങൾ തമ്മിലുള്ള വഴക്കുകൾ കഴിഞ്ഞു ഇന്ഗ്ലീഷുകാരുമായി യുദ്ധം നടന്നു. ഇതിനു ശേഷം മലയോര പ്രദേശം പൊതുവേ ശാന്തമായിരുന്നു. ഭൂമിയുള്ളവർ ആടിനെ മേച്ചും ചെറിയ തോതിൽ കൃഷി ചെയ്തും ജീവിച്ചു . ഇവരിൽ ചിലരെതന്നെ സമുദ്രതീരത്തേക്ക് ഓടിച്ച സംഭവങ്ങളും ഉണ്ട്. പിന്നീട് വലിയ വികസനം ഉണ്ടായത് കാലിഡോണിയൻ കനാൽ . (Caledoniyan canal) നിര്മ്മിച്ചപ്പോഴാണ് ഉണ്ടായത്. പലരും അമേരിക്കയിലും ക്യാനഡായിലും ആസ്ട്രേലിയായിലേക്കും കുടിയേറി പാര്കുകയും ചെയ്തു .ഇപ്പോഴും ഈ പ്രദേശത്ത് ജന സംഖ്യ വളരെ കുറവാണ്

കാലിഡോനിയൻ വനങ്ങളിൽ കൂടുതലും പൈൻ ബിര്ച്, ഓക്ക്, ജുനിപേർ എന്നീ മരങ്ങളാണ് ഉണ്ടായിരുന്നത്. കാലാവസ്ഥാ വ്യതിയാനം കൊണ്ടു വനപ്രദേശത്തിന്റെ വ്യാപ്തി ഏറിയും കുറഞ്ഞുമിരുന്നു.

മലയോരയാത്രയിൽ ഞങ്ങൾ കണ്ടതു ലോക് ലോമോണ്ട്, ലോക് തല്ല ലോക നെസ്, ഉരുക്വാര്റ്റ് കാസിലിന്റെ അവശിഷ്ടങ്ങൾ എന്നിവയായിരുന്നു.. ലോകോല്ലമോന്റിനെപ്പറ്റി മുമ്പ് എഴുതിയിരുന്നു.

ലോക്നെസ് അത് പോലെ തന്നെയുള്ള ഒരു വലിയ തടാകമാണ്. 23 മൈൽ നീലമുള്ള ഈ തടാകം സ്കോട്ട്ലന്റിലെ രണ്ടാമത്തെ വലിയ ശുദ്ധജല തടാകം ആണ്. സമുദ്രനിരപ്പിൽ നിന്ന് 52 മീറ്റർ ഉയരത്തിലാണ് ഈ തടാകം . ഈ താടകത്തിൽ ഒരു ഭാഗത്ത് 271 മീറ്റർ വരെ താഴ്ചയുള്ള ഭാഗം ഉണ്ടത്രേ .ഇന്ഗ്ലണ്ടിലെയും വെയില്സിലെയും എല്ലാ ശുദ്ധജലതടാകങ്ങളിൽ ഉല്ക്കൊള്ളുന്നത്ര ജലം ഈ തടാകത്തിൽ മാത്രം ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ലോക്നെസ് പ്രസിദ്ധമായത് അവിടെ ഒരു ഭൂതത്തിനെ കണ്ടു എന്ന് കേട്ടാണ്. നെസ്സി എന്ന ഓമനപ്പേരിൽ വിളിക്കുന്ന ഈ ഭൂതതെ പലരും കണ്ടു എന്ന് പറയുന്നു. 1933 ലാണ് ഈ ഭൂതത്തെപ്പറ്റി വാര്ത്തകൾ ഉണ്ടായതു. നീണ്ട കഴുത്തും ഒന്നോ രണ്ടോ കൂനുകളും ഉള്ള ഒരു ജന്തുവായാണ് പലരും ഇതിനെക്കണ്ടു എന്ന് പറയുന്നത്. എന്നാലും ഇങ്ങനെ ഒരു ജീവി ഈ തടാകത്തിൽ ജീവിച്ചിരിപ്പുണ്ടോ എന്ന് കൃത്യമായ തെളിവുകൾ ഒന്നുംകിട്ടിയിട്ടില്ല. ശാസ്ത്രീയമായ അടിസ്ഥാനം ഒന്നുമില്ലാത്ത കെട്ടുകഥകളാണ് നെസ്സിയെ ലോക പ്രശസ്തയാക്കിയത്. ഏതായാലും ലോക് നെസ് ബോട്ടിങ്ങിന് പോകുന്നതിനടുത്ത് ഇത്തരം ഒരു ജന്തുവിന്റെ പ്രതിമ ഉണ്ടാക്കി വച്ചിട്ടുണ്ട്

ഉരുക്വാര്ട്ടുറ് കാസിൽ



ഈ കാസിൽ 13-16 നൂറ്റാണ്ടുകളിൽ ഉണ്ടാക്കിയ തായിരുന്നു. ലോക് നെസ് തടാകത്തിന്റെ അടുത്തു നിര്മ്മിച്ച ഈ കാസിൽ സ്കോട്ടിഷ് സ്വാതന്ത്ര്യ സമരത്തിൽ നിര്ണായക പങ്കു വഹിച്ചിരുന്നു. 14 ആം നൂറ്റാണ്ടിൽ ഇതൊരു രാജകീയ കാസിൽ ആയി മാറി. 1509 ൽ ഇതിനു ഒരു പ്രത്യേക സ്റ്റാറ്റസ് കൊടുക്കപ്പെട്ടു. എന്നാലും മക്ടോനാൽഡ്സിന്റെയും മറ്റും തുടര്ച്ചയായ ആക്രമണം ഈ കാസിലിനു സഹിക്കേണ്ടി വന്നു. 1692 ൽ ഈ കാസിൽ മിക്കവാറും നശിപ്പിക്കപ്പെട്ടു. അവിടെ താമസിച്ചിരുന്നവർ അക്രമികളുടെ

കയ്യിൽ പെടാതിരിക്കാൻ അവിടെ ഉണ്ടായിരുന്ന വെടിക്കോപ്പുകള്ക്ക് തീയിട്ടു ഒളിച്ചു പോയെന്നും ആ തീപിടിക്കലിലും പൊട്ടിത്തെറിയിലും കാസിലിന്റെ ഭാഗങ്ങൾ നശിച്ചു എന്നും ഒരു കഥ ഞങ്ങളുടെ ഗൈഡ് പറഞ്ഞു. എന്നാലും ഗംഭീരമായ ഒരു കാസിലിന്റെ അവശിഷ്ടങ്ങൾ ഇന്നും തല ഉയർത്തി തന്നെ നില്ക്കുന്നു. ഇപ്പോൾ ഇത് ഒരു സംരക്ഷിതമായ സഞ്ചാരികള്ക്കു ള്ള കേന്ദ്രമാകുന്നു.



ലോക് നെസ്



അവലംബം :Wikipedia



ലോക് നെസ് ഭീകരൻ ശില്പിയുടെ ദൃഷ്ടിയിൽ



ഒരു ചെറിയ വെള്ളച്ചാട്ടം

10. ബെല്ഫാസ്റ്റ് സന്ദർശനം

ഞങ്ങളുടെ സ്കൊട്ട്ലന്ടു സന്ദര്ശനത്തിനിടയിൽ ഞങ്ങളെ അവർ താമസിക്കുന്ന സ്ഥലത്തേക്ക് ക്ഷണിച്ചു സല്ക്കരിച്ചു അവരുടെ അടുത്തുള്ള പ്രധാന കാഴ്ചകളും കാണിക്കുന്നതിൻ ആത്മാര്ഥ മായി സഹകരിച്ച രണ്ടു സുഹൃത്തുക്കളെ പറ്റി പറയാതെ ഈ കുറിപ്പുകൾ പൂര്ണ്ണുമാവുകയില്ല.ഒന്ന് ഞങ്ങളുടെ ആർ ഈ സി യിലെ സഹപ്രവര്ത്തകനായിരുന്ന പ്രൊഫ മുഹമ്മദ് ബഷീർ , രണ്ടു, മകന്റെ സഹപാഠിയും ഡോക്ടറുമായ ഡോ മാര്ട്ടിൻ ജോര്ജ്





.രണ്ടുപേരും രണ്ടു പ്രാവശ്യത്തെ യാത്രയിൽ ആയിരുന്നു. ആദ്യത്തെത് ബഷീരിന്റെ തന്നെയാവട്ടെ

ഡോ മുഹമ്മദ് ബഷീർ അയര്ലന്റിലെ ബെല്ഫാസ്റ്റ് എന്ന സ്ഥലത്ത് ക്വീന്സ് യൂനിവെര്സിറ്റിയില് സിവിൽ എഞ്ചിനീയറിംഗ് പ്രൊഫസർ ആയിരുന്നു. ആദ്യം സ്കൊട്ലണ്ടിൽ വന്നപ്പോൾ ബഷീറിന്റെ ഇ-മെയിൽ സമ്പാദിച്ചു ചുമ്മാതെ ഒരു മെയിൽ അയച്ചു

,ഞങ്ങൾ ഇവിടെയുണ്ട്, സംസാരിച്ചാൽ കൊള്ളാം എന്ന് പറഞ്ഞുകൊണ്ടു, മകന്റെ ഫോൺ നമ്പരും കൊടുത്തി രുന്നു. അന്ന് തന്നെ വൈകുന്നേരം അദ്ദേഹം വിളിച്ചു. കുറെ വര്ഷങ്ങള്ക്കു മുമ്പ് ആർ ഈ സി യിൽ ഒരുമിച്ചു ജോലി ചെയ്തതാണ്, അദ്ദേഹവും സുഹൃത്ത് സുകുമാറും ഞങ്ങളുടെ അടുത്ത സുഹൃത്തുക്കളായി രുന്നു. ബഷീർ ഞാൻ പഠിച്ച തങ്ങൾ കുഞ്ഞു മുസലിയാർ കോളേജിൽ നിന്ന് ബിരുദ പഠനം കഴിഞ്ഞു ആർ ഈ സിയിൽ വന്നതായിരുന്നു. സുകുമാർ കോതമംഗലം എഞ്ചിനീയരിംഗ് കോളേജിൽ നിന്ന് പാസായി എന്റെ ശ്രീമതിയുടെ അനിയത്തിയുടെ സഹപാഠിയും.. നല്ലസുഹൃത്തുക്കള്. രണ്ടു പേരും ആർ ഈ സി യിൽ നിന്ന് പോയിട്ട് വര്ഷങ്ങൾ കഴിഞ്ഞു. ബഷീർ അയര്ലണ്ടിലും സുകുമാർ ക്യാനഡായിലും സ്ഥിരതാമസം ആക്കിയെങ്കിലും രണ്ടു പേരും നമ്മുടെ നാട്ടിന്റെ ഓര്മ്മകൾ ഇപ്പോഴും മനസ്സിൽ നിറയെ കൊണ്ടു നടക്കുന്നവർ. അന്ന്, ഫെയ്സ്ബുക്കും മറ്റും ഇല്ല എന്നാലും ബഷീർ ഉടനെ വിളിച്ചു സംസാരിച്ചു. അതിനിടയിൽ രണ്ടു ദിവസം ബെല്ഫാസ്റ്റിൽ വന്നു കൂടെ എന്നും ചോദിച്ചു. എല്ലാവരും ലണ്ടനിൽ വന്നു നേരെ നാട്ടിലേക്കു പോകും ,ഞങ്ങളുടെ കൊച്ചു ബെല്ഫാസ്റ്റിൽ വരുന്നവർ അപൂർവ്വം എന്ന് ഒരു പരാതിയും.



അങ്ങനെ മകനും കുടുംബവും ഞാനും ശ്രീമതി യുമായി ബെല്ഫാസ്റ്റിനു പോകാൻ തീരുമാനിച്ചു. ഉത്തര അയര്ലന്ടു ബ്രിട്ടീഷ് ഐക്യനാടുകളുടെ ഒരു ഭാഗം തന്നെ

ആണ്, 1912 ൽ ടൈറ്റാനിക് എന്ന ശപിക്കപ്പെട്ട കപ്പൽ നിർമ്മിച്ച സ്ഥലം, അയര്ലന്റിന്റെ തല സ്ഥാനം. അവിടെ പോകാൻ വിസയും മറ്റും ആവശ്യമില്ല, യു കെ യിലേക്കുള്ള വിസ മാത്രം മതി. ബെല്ഫാസ്റ്റിലേക്ക് ഗ്ലാസ്ഗോയിൽ നിന്ന് ഒന്നോ രണ്ടോ മണിക്കൂർ ഇടവിട്ട് വിമാന സര്വീസ് ഉണ്ട്. മകൻ യു കെ യിൽ എത്തിയിട്ട് അധികം നാളായിട്ടില്ല,അല്പ്പം സാമ്പത്തികം നോക്കാതെ അവനെ മുടിപ്പിക്കരുതല്ലോ, അതുകൊണ്ടു ഞങ്ങൾ കിട്ടാവുന്നതിൽ ഏറ്റവും യാത്രക്കൂലി കുറഞ്ഞ വിമാനവും സമയവും തിരഞ്ഞെടുത്തു ടിക്കറ്റും ബുക്കു ചെയ്തു. അതി രാവിലെ ഏഴു മണിക്ക് മുമ്പ് ഉള്ള വിമാനത്തിനു കൂലി കുറവായിരുന്നു, അതുപോലെ വാരാന്ത്യത്തിൽ നിരക്ക് കൂടുതലും. ബഷീറിനു വെക്കേഷൻ ഇല്ല,എങ്കിലും അദ്ദേഹം അവധി എടുക്കാം എന്നുറപ്പ് നല്കി. അങ്ങനെ കഷ്ടിച്ച് ഒരു മണിക്കൂർ പറന്നു അയര്ലണ്ടിലെ ബെല്ഫാസ്റ്റ് വിമാനത്താവള ത്തിൽ എത്തി. അവിടെ ബഷീരും ഭാര്യ ലുലുവും (ഞങ്ങളുടെ മുൻ പ്രിന്സിപ്പലായിരുന്ന പ്രൊഫ. ബഹാവുദ്ദീന്റെ മൂത്ത മകൾ) ഞങ്ങളെ സ്വീകരിക്കാൻ തയ്യാർ. ആള്ക്കാർ കൂടുതൽ ഉള്ളതു കൊണ്ട് രണ്ടു വാഹനങ്ങളുമായിട്ടാണ് അവർ വന്നിരിക്കുന്നത്. ലുലുവിന്റെ കാറിൽ സ്ത്രീകളും ബഷീറിന്റെ കൂടെ ഞാനും മകനും കയറി ബഷീറിന്റെ വീട്ടിലേക്കു. ബെല്ഫാസ്റ്റിലെ ക്വീന്സ് യൂണീവെര്സിറ്റിയിൽ അദ്ധ്യാപകനും ഗവേഷകനുമായ പ്രഫസർ ആണ് ബഷീർ. അദ്ദേഹത്തിന്റെ രണ്ടു കുട്ടികൾ നതാഷയും നവീതും നമ്മുടെ കൊച്ചുമകനും കൂടിയായപ്പോൾ നല്ല കമ്പനിയായി. ഞങ്ങൾ പുലര്ച്ചെ പുറപ്പെട്ടത് കൊണ്ടു പ്രഭാത ഭക്ഷണം കഴിച്ചു ബെല്ഫാസ്റ്റ് നഗരം കാണാൻ പോയി.

ബെല്ഫാസ്റ്റ് ബോട്ടാനിക്കൽ ഗാര്ഡൻ

1828 ൽ പണി തുടങ്ങിയ ഈ ബോട്ടാണിക്കൽ പൂന്തോട്ടം 1895 മുതൽ ഒരു പൊതുപാര്ക്കായി ജനങ്ങള്ക്ക് തുറന്നു കൊടുത്തിരിക്കുന്നു. ക്വീന്സ് യൂനീവെര്സിറ്റിക്കു തൊട്ടടുത്താണ് ഇത്. അയര്ലന്റുകാര്ക്ക് വിക്ടോറിയ രാജ്ഞിയുടെ ഭരണകാലത്തെ സംഭാവന കളിൽ ഒന്നാണിത്. ഇവിടത്തെ പാം

ഹൌസ് കാരിരുമ്പ് കൊണ്ടു വൃത്താകൃതിയിൽ നിര്മ്മിച്ച ഒരു കെട്ടിടം ആണ്, ഇത്തരം കെട്ടിടങ്ങൾ അന്ന് അപൂര്വ്വം ആയി രുന്നു. 1840 ൽ റിച്ചാര്ഡ് ടര്ണ്ര് എന്നയാളാണ് ഇതിന്റെ നിര്മ്മാമണത്തിനു മുന്കയ്യെടുത്തത്. ഇത്തരം പാം ഹൌസുകളിൽ എല്ലാകാലത്തും ചെടികൾ വളര്ത്താൻ കഴിയും. ഹിമപാതം സാധാരണയായ ഇത്തരം സ്ഥലങ്ങളിൽ അലെങ്കിൽ വേനൽ കാലത്ത് മാത്രമേ ചെടികളും പൂക്കളും വളരുകയുള്ളൂ. 1839 ലും 1889 ലും ഇത് കൂടുതൽ മോടി പിടിപ്പിച്ചു വലുതാക്കി. നല്ല കാലാവസ്ഥയായതുകൊ ണ്ടു ധാരാളം പൂക്കളും ചെടികളും കൊണ്ടു വര്ണ ശബളമായിരുന്നു ഈ പൂന്തോട്ടം



തിരിച്ചു വന്നപ്പോൾ ബഷീരിന്റെ ശ്രീമതി ഒന്നാം തരം സദ്യ തന്നെ ഒരുക്കിയിരുന്നു. അത് കഴിച്ചു അല്പം വിശ്രമിച്ച ശേഷം ബെല്ഫാസ്റ്റിനടുത്തുള്ള ഒരു പ്രത്യേക കാഴ്ച കാണാനാണ് ഞങ്ങൾ പോയത്. രാക്ഷസന്റെ കടല്പാലം (Giants causeway) എന്നറിയപ്പെടുന്ന സ്ഥലം കാണാൻ . പതിവുപോലെ ലുലുവും ബഷീറും വേറെ വേറെ വണ്ടിയിൽ ഞങ്ങളെയും കുഞ്ഞുങ്ങളുമായി പുറപ്പെട്ടു. കടൽ തീരത്ത് കൂടിയുള്ള യാത്രതന്നെ രസകരമായിരുന്നു. ഒരു മണിക്കൂർ നാട്ടിന്പുറ ങ്ങളിൽ കൂടി വണ്ടി ഓടിച്ചു പ്രസ്തുത സ്ഥലത്തെത്തി

രാക്ഷസന്റെ കടല്പ്പാലം (Giants Causeway)





ഇത് ഏകദേശം 40,000 പരസ്പരം ബന്ധിപ്പിച്ച രീതിയിൽ കിടക്കുന്ന ബസാള്ട്ട് കല്ലുകളുടെ സമാഹാരം ആണ്. പുരാതന കാലത്തുണ്ടായ ഒരു ഭൂകമ്പത്തിന്റെ സംഭാവനയായിരുന്നുവത്രേ. ഈ കല്ലുകൾ മിക്കവാറും 6 ഭുജങ്ങള് ഉള്ള (hexagonal) കല്ലുകളായാണ് രൂപപ്പെട്ടിരിക്കുന്നത്. ഇന്ന് അച്ചിൽ വച്ച് കോൺക്രീറ്റ് ടൈല്സ് ഉണ്ടാക്കുന്നതു പോലെ. അത്ര കൃത്യമായ ആകൃതിയിൽ ഒരേ വലിപ്പമുള്ള ഇഷ്ടികകൾ പാകിയത് പോലെ കടലിലേക്ക് നീണ്ടു കിടക്കുന്നു. ചില ഭാഗങ്ങളിൽ വലിയ 12 മീറ്റർ വരെ ഉയരമുള്ള തൂണുകൾ പോലെ ഉയര്ന്നും നില്ക്കുന്നു.

അയര്ലന്റിന്റെ വടക്കുകിഴക്കേ തീരത്താണ് ഇത് കാണപ്പെടുന്നത്. ബുഷ്മിൽ എന്ന പട്ടണത്തിൽ നിന്ന് കഷ്ടിച്ചു 5 കിലോമീറ്റർ ദൂരത്തിൽ. 1987 ൽ ഇത് ഒരു ലോക ഹെറിട്ടേജു സ്ഥലം ആയി പ്രഖ്യാപിക്കപ്പെട്ടു. UNESCO യുടെ സംരക്ഷണത്തിൽ ആണിതു. യു കെ യിലെ നാലാമത്തെ അത്ഭുത കാഴ്ചയായി ഇതംഗീക രിക്കപ്പെട്ടു.



ഇതിനെപ്പറ്റി രസകരമായ ഒരു കഥ പറഞ്ഞു കേഴ്‌വിയുണ്ടു. അയര്ലന്റിനടുത്ത് ഒരു ചെറിയ ദ്വീപിൽ ഒരു ഭീകരൻ താമസിച്ചിരുന്നു എന്നും അയാളുടെ ശല്യം സഹിക്കാതെ സ്കൊട്ടലന്റിലെ മറ്റൊരു ഭീകരൻ അയാളെ വെല്ലുവിളിച്ചു. ഇതിൽ ഒരാൾ മറ്റേയാളെ നേരിടാനായി നിര്മ്മിച്ച കടൽ പാലമാണത്രേ ഇത്. ഇവർ രണ്ടു പേരും ഏറ്റുമുട്ടി എങ്കിലും തുല്യശക്തികളായ രണ്ടുപേരും തോറ്റില്ല യുദ്ധം മുറുകിയപ്പോൾ ഒരാൾ ആള്മാറാട്ടത്തിൽ ഒരു കൊച്ചു കുട്ടിയുടെ രൂപം എടുത്തു. മറ്റെയാൾ അസാധാരണ വലിപ്പമുള്ള കുട്ടിയെ കണ്ടു അതിന്റെ അച്ഛൻ വളരെ വലിപ്പമുള്ള ഭീകരൻ ആയിരിക്കുമെന്ന് ഭയന്ന് ഓടിപ്പോയി ശത്രു പിന്തുടരാതിരിക്കാൻ കടല്പ്പാലത്തിന്റെ ഒരു ഭാഗം നശിപ്പിച്ചു എന്നാണു കഥ. നമ്മുടെ രാമലക്ഷ്മണന്മാർ രാവണനെ കൊല്ലാൻ ശ്രീലങ്കയിലേക്ക് സേതു ബന്ധനം നടത്തിയത് പോലെ. ശരിക്കും ഭൂകമ്പത്തിൽ ഉരുകിയൊലിച്ച ലാവ പ്രത്യേക രൂപത്തിൽ

ശിലകളായി രൂപാന്തരം പ്രാപിച്ചതാണ് എന്നത് ശാസ്ത്രകാരന്മാർ പറയുന്നു. .

ബെല്ഫാസ്റ്റിലെ നഗര മന്ദിരം



ബെല്ഫാസ്റ്റ് നഗരത്തിന്റെ ഭരണ കേന്ദ്രമായ ടൌൻ ഹാളായിരുന്നു പിറ്റേ ദിവസത്തെ പ്രധാന കാഴ്ച. തെക്കോട്ട് മുഖമായ ഈ കെട്ടിടം നഗരത്തെ ശരിക്കും രണ്ടായി വിഭജിക്കുന്നു. ഒരു കാലത്ത് ലിനൻ തുണി കച്ചവടത്തിനുള്ള ഒരു കേന്ദ്രമായിരുന്നു ഇത്.1988 ലാണ് ഇതിന്റെ പണിതുടങ്ങിയത്. വിക്ടോറിയാ രാജ്ഞി ബെല്ഫാസ്റ്റിനു നഗരപദവി കൊടുത്തതിനു ശേഷം. അവിടെ നടന്ന ലിനൻ, ഇരുമ്പു വ്യവസായങ്ങളുടെ വളര്ച്ചക്ക് അംഗീകാരം ആയി. മറ്റൊരു നഗരമായ ഡബ്ലിനെ പുറന്തള്ളിക്കൊണ്ടാണ് ഈ അംഗീകാരം നേടിയത്. 1898 ല ശില്പ്പി ആല്ഫ്രെഡ് ബ്രംവേൽ തോമസിന്റെ കീഴിൽ പണി പൂര്ത്തിയാക്കി. അന്ന് 3,69,000 പൌണ്ട് ചിലവായി. 2006 ആഗസ്റ്റ് ഒന്നാം തീയതി ഈ ടൌൻ ഹാൾ ശതാബ്ദി ആഘോഷിച്ചു. ശതാബ്ദിയുടെ ഓര്മ്മകൾ എന്ന ഒരു പ്രദര്ശനത്തോടു കൂടി.

അങ്ങനെ സന്തോഷകരമായ രണ്ടു ദിവസം കടന്നു പോയി. ബഷീറിനും ലുലുവിനും കുഞ്ഞുങ്ങള്ക്കുംദ നന്ദി പറഞ്ഞു തിരിച്ചു പോന്നു..

വര്ഷങ്ങൾ കഴിഞ്ഞു , അന്ന് കുട്ടിയായിരുന്ന നടാഷ എഡിന്ബറോ മെഡിക്കൽ സ്കൂളിൽ നിന്ന് പ്രശസ്തമായ നിലയിൽ വൈദ്യപഠനം കഴിഞ്ഞു ഇന്ന് ഒരു ശിശുരോഗ വിദഗ്ധയായി ജോലി ചെയ്യുന്നു. ഒരു പ്രാവശ്യം ഡല്ഹിയിലെ ചേരി പ്രദേശത്ത് സേവനം ചെയ്യാൻ അയാൾ വന്നിരുന്നു, ഏതാനും മാസങ്ങൾ നമ്മുടെ കോഴിക്കോട്ടെ ബേബിമെമ്മോറിയൽ ആശുപത്രിയിൽ Internship ന്റെ ഭാഗമായും ഉണ്ടായിരുന്നു. മകന്റെ കുട്ടികള്ക്ക് രണ്ടു പേര്ക്കും നല്ലൊരു സുഹൃത്തായിക്കഴിഞ്ഞു. നടാഷ. നവീത് അച്ഛന്റെ പാതയിൽ നല്ലൊരു സിവിൽ എഞ്ചിനീയറാവാൻ പഠിക്കുന്നു. പ്രൊഫ. ബഷീർ ബ്രിട്ടനിലെ ഏറ്റവും വലിയ ബഹുമതിയായ റോയൽ അക്കാദമി ഓഫ് എന്ചിനീയെര്സിന്റെ ഫെല്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ ഇന്ഗ്ലണ്ടിലെ ലീഡ്സ് സർവകലാശാലയിൽ പ്രൊഫസറായി ജോലി ചെയ്യുന്നു.

ഒരിക്കൽ കൂടി അവര്ക്ക് നന്ദി പറഞ്ഞു നിര്ത്തുന്നു.

ചിത്രങ്ങൾ ഗൂഗിളിൽ നിന്ന്

,

അവലംബം : Wikipedia

11.മറ്റൊരു സുഹൃത്തും എല്ജിലൻ കത്തീഡ്രലിന്റെ അവശിഷ്ടങ്ങളും

ഞങ്ങളുടെ മകന്റെ കൂടെ കോഴിക്കോട്ടു മെഡിക്കൽ കോളേജിൽ പഠിച്ച Dr.മാര്ട്ടി ൻ ജോര്ജ് ഞങ്ങളുടെ കുടുംബസുഹൃത്താണ്. അദ്ദേഹവും സ്കൊട്ലന്റിൽ ഡോക്ടർ ആയി ജോലി ചെയ്യുന്നുണ്ടായിരുന്നു. ഞങ്ങൾ ആദ്യത്തെ പ്രാവശ്യം യു കെ യിൽ പോയപ്പോൾ അദ്ദേഹം താമസിച്ചിരുന്ന ഷെയ്ക്ക്സ്പിയറിന്റെ നാടായ വാർ വിക് ഷെയർ കൌണ്ടിയിലെ കവന്റരി എന്ന സ്ഥലത്തെ ആശുപത്രിയിൽ ജോലി ചെയ്യുമ്പോൾ ഞങ്ങള്ക്ക് താമസിക്കാൻ സ്വന്തം ഹോസ്റ്റൽ മുറി ഒഴിഞ്ഞു തന്നിട്ട് അവിടെ പാലും മുട്ടയും റൊട്ടിയും എന്തിനു ചെറിയ ഒരു നിലവിളക്കും തീപ്പെട്ടിയും വരെ വാങ്ങി വെച്ചിട്ട് പെട്ടെന്ന് ഒരാവശ്യമായി വീട്ടിൽ പോയ ആളാണ്. അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നു യാതൊരു മടിയും കൂടാതെ ഞങ്ങളെ അഞ്ചു ദിവസം അവിടെ താമസിച്ചപ്പോൾ ഭക്ഷണം ഉള്പ്പെടെ എല്ലാ കാര്യത്തിലും സഹായിച്ചത്. ഔപചാരികതയില്ലാത്ത മാര്ട്ടിൻ എല്ലാകാര്യത്തിലും നിഷ്കളങ്കനും സ്നേഹത്തിന്റെ നിറകുടവുമായിരുന്നു.



മാർട്ടിൻ U K യിൽ MRCP പരിശീലനം കഴിഞ്ഞു സ്കൊട്ട്ലണ്ടിൽ ജനറൽ പ്രാക്ടീഷനർ (GP) ആയി ജോലി ചെയ്തു വരുന്നു. നമ്മുടെ നാട്ടിലെ പണ്ടത്തെ കുടുംബ ഡോക്ടരുടെ റോളാണ് GP യ്ക്ക്. ദേശീയ ആരോഗ്യ സേവന സ്ഥാപനത്തിന്റെ (National Health Service, UK) യുടെ കീഴിൽ ഒരു സംഘം രോഗികളെ ഓരോ GP യുടെ കീഴിലും ആക്കി കൊടുക്കുന്നു. അവര്ക്ക് വേണ്ട വൈദ്യസഹായവും മരുന്നും എല്ലാം നല്കുക എന്നതാണിവരുറടെ കര്ത്തവ്യം. പലപ്പോഴും ഇങ്ങനെ ജോലി ചെയ്യുന്നവർ പ്രത്യേക സ്പെഷ്യാലിറ്റിയിൽ ഉള്ളവരാകണമെന്നില്ല, നമ്മുടെ ജനറൽ മെഡിസിൻ പഠിച്ച കുട്ടികളെപ്പോലെ. ഞങ്ങളുടെ മകനെപോലെ സ്പെഷ്യാലിറ്റിക്കാരെക്കാൾ കൂടുതൽ ബുദ്ധിമുട്ടുള്ള ജോലി തന്നെ ഇത്. അത്യാവശ്യമെങ്കിൽ രോഗികളെ സ്പെഷ്യാലിറ്റി

ക്ളിനിക്കിലേക്ക് അയ ക്കാനും ഇവര്ക്ക് കഴിയും. , മാര്ട്ടിനെപ്പോലെ തന്നെ സ്നേഹമയി ആയിരുന്ന ഭാര്യയുടെയും ക്ഷണം സ്വീകരിച്ചാണ് ഞങ്ങൾ മാര്ട്ടിൻ താമസിക്കുന്ന എല്ജിൻ എന്ന സ്കൊട്ട്ലന്റിന്റെ മറ്റൊരു ഭാഗത്തേക്ക് പോയത്. മാർട്ടിൻ താമസിക്കുന്ന വീട്ടിന്റെ പേരു തന്നെ 'കൈരളി' എന്നായിരുന്നു.

സ്കൊട്ലന്റ്ലെ മൊറെ (Morey) എന്ന കൌണ്സിലിൽ ഉള്പ്പെട്ട ഒരു കത്തീഡ്രൽ നഗരമാണ് എല്ജിൻ. ലോസ്സി എന്ന നദിയുടെ തെക്ക് ഭാഗത്താണ് ഇത് സ്ഥിതി ചെയ്യു ന്നത്. 1190 മുതലാണ് എല്ജിൻ എന്ന പട്ടണം സര്ക്കാർ രേഖകളിൽ കാണുന്നത്. ഡേവിഡ് ഒന്നാമൻ രാജാവ് അവിടെ രാജാക്കന്മാര്ക്ക്ന താമസിക്കാൻ ഒരു കൊട്ടാരം നിര്മ്മിച്ചു. അദ്ദേഹമാണ് എല്ജിനൻ നഗരത്തിന്റെ വളര്ച്ചക്ക് സഹായിച്ചത്. 1224 ൽ ആണ് ഇവിടെ ഒരു കത്തീഡ്രൽ സ്ഥാപിക്കാൻ മോറെ ബിഷപ്പിന് സ്ഥലം അനുവദിച്ചത്. പല സ്കോട്ടിഷ് രാജാക്കന്മാരുടെയും ഇഷ്ടതാമസ സ്ഥലമാ യിരുന്നു എല്ജിറൻ. ഡേവിഡ് I , വില്യം I അലെക്സാണ്ടർ II, അലെക്സാണ്ടർ III എന്നിവരാ യിരുന്നു ഇതിൽ പ്രധാനികൾ

ജൂലൈ 19, 1224 ൽ അടിസ്ഥാന ശിലയിട്ട കത്തീഡ്രൽ 1242 ൽ പൂര്ത്തിയാക്കി. ഈ പള്ളിയെ "രാജ്യത്തിന്റെ കണ്ണാടിയായും മഹത്തായ സമ്പത്തായും" വിശേഷിപ്പി ച്ചിരുന്നു. എന്നാൽ 1270 ൽ ഇത് ഒരു തീപ്പിടുത്തത്തിൽ പൂര്ണമായും നശിച്ചു പോയി. എന്ത് കൊണ്ടു ഇത് സംഭവിച്ചു എന്ന് ആരും രേഖപ്പെടുത്തിയിട്ടില്ല. ഇപ്പോൾ ഉള്ളത് ആ കത്തീഡ്രലിന്റെ കുറച്ചൊക്കെ പുനർ നിര്മ്മാണം നടത്തിയതാണ്

ഇന്ഗ്ലണ്ടിലെ എഡ്വാര്ഡ് ഒന്നാമൻ ഈ നഗരം 1296 ൽ സന്ദര്ശിച്ചു. നഗരത്തിന്റെ പ്രത്യേകതകൾ അദ്ദേഹ ത്തിനെ വളരെ ആകര്ഷിച്ചു. അദ്ദേഹം പ്രത്യേകിച്ച് അവിടത്തെ കാസിലിനെപ്പറ്റി പുകഴ്ത്തി. എന്നാൽ അദ്ദേഹത്തിന്റെ രണ്ടാമത്തെ സംന്ദര്ശന സമയത്ത് 1303 ൽ കാസിലിന്റെ ഉൽഭാഗത്തുള്ള മരം കത്തി നാശമായിരുന്നു. ഇതിന്റെ സംരക്ഷണം ഏല്പ്പിച്ചിരുന്ന ബ്രിട്ടീഷു ഗവര്ണറെ

അദ്ദേഹം ശാസിച്ചു, താമസം പെട്ടെന്ന് മതിയാക്കി പോകുകയും ചെയ്തു. മോരെയിലെ ബിഷപ്പിനെ സഭയിൽ നിന്ന് പോപ്പിനെക്കൊണ്ടു പുറത്താക്കുകയും ചെയ്യിച്ചു. 1307 I ൽഎഡ്വാർട്ടിന്റെ മരണശേഷം റോബരട്ടു ബ്രൂസ് സ്കൊട്ലന്ടു ഭരണം ഏറ്റെടുക്കുകയും ബ്രിട്ടീഷുകാരെ പുറത്താക്കി കാസിലുകൾ പുതുകി, പുതിയവ നിര്മ്മിക്കുകയും ചെയ്തു. ബ്രൂസിന്റെ പട്ടാള മേധാവിയായിരുന്ന മൊരേ ബിഷപ്പുമായി കൂടിച്ചേര്ന്നു ചില അയൽ പക്കത്തുള്ള ചില കാസിലുകൾ നശിപ്പിക്കുകയും അവിടെ താമസിച്ചിരുന്ന ബ്രിട്ടീഷ് പട്ടാളക്കാരെ ഓടിക്കുകയും ചെയ്തു.



1370 ൽ മോരെയിലെ ബിഷപ്പായിരുന്ന അലെക്സാണ്ടർ ബർ റോബര്ട്ട് III ആമന്റെ സഹോദരനായ അലെക്സാണ്ടർ സ്റെവാര്ട്ടിന് കതീഡ്രലും മറ്റു വസ്തുവകകളും സംരക്ഷിക്കുന്നതിനു പണം കൊടുത്തുകൊണ്ടിരുന്നു. 1390 ൽ ബിഷപ്പ് ഇതേ ആവശ്യത്തിനു മൊരേയിലെ പ്രഭുവിന്റെ മകൻ തോമസ് ദാന്ബാർ എന്നയാളോട പേക്ഷിച്ചു. ഇതറിഞ്ഞു കോപാകുലനായ അലെക്സാണ്ടർ അയാള്ടെ കാസിലിൽ നിന്ന് വന്നു എല്ജിൻ നഗരത്തിലെ പള്ളി വികാരികൾ താമസിച്ചിരുന്ന

രണ്ടു മഠങ്ങൾ ഉള്‌പ്പെടെ കുറെയേറെ കെട്ടിടങ്ങൾ കത്തിച്ചു നശിപ്പിച്ചു. ഈ കത്തീഡ്രലും മറ്റു അനുബന്ധ കെട്ടിടങ്ങളും പുനര്‌നിര്‌മ്മിക്കാൻ വര്‌ഷങ്ങൾ വേണ്ടിവന്നു. ചെയ്ത പണി തന്നെ, മോശം കല്ലുകളും മറ്റും ഉപയോഗിച്ചത് കൊണ്ടു അതെല്ലാം വീണ്ടും നശിച്ചു പോയി. 13 ആം നൂറ്റാണ്ടിലെ നിര്‌മ്മിച്ചവ ഇന്നും നിലനിക്കുമ്പോൾ 15 - 16 നൂറ്റാണ്ടുകളിലെ പുനര്‌നിര്‌മ്മാണം നടത്തിയ ഭാഗങ്ങൾ തകര്‌ന്നു പോയി. കേന്ദ്ര ഗോപുരം 1506 ൽ പൂര്‌ണമായും തകര്‌ന്നു തകര്‌ന്ന ഗോപുരത്തിന്റെ പുനർനിര്‌മ്മാണം അടുത്ത വര്‌ഷം തന്നെ തുടങ്ങിയെങ്കിലും 1538. വരെ അത് പൂര്‌ത്തിയായില്ല



1500 നടുത്താണ് സ്കൊട്ട്ലന്റിൽ കത്തോലിക്കാസഭയിൽ നിന്ന് പുതിയ പ്രോട്ടെസ്റ്റന്ടു മതം പ്രചാരത്തിൽ വന്നു തുടങ്ങിയതും ആൾക്കാർ അതിൽ ചേർന് തുടങ്ങിയതും. . തുടക്കത്തിൽ വളരെ കുറച്ചു പേർ മാത്രമേ പുതിയ മതം സ്വീകരിച്ചുള്ളൂ. അതുകൊണ്ടു എൽജിൻ നിവാസികൾ ഇതിൽ എതൃപ്പ് പ്രകടിപ്പിച്ചില്ല 1568 ൽ പള്ളിയുടെ പ്രധാന ഗോപുരത്തിന്റെ മുകളിലെ രൂപവും കൂടും മറ്റും നശിപ്പിച്ചു, സ്കോട്ട്ലന്റിലെ പ്രിവികൌണ്സിലിന്റെ ആജ്ഞ

അനുസരിച്ച് . ഇത് വിറ്റു കിട്ടിയ തുക കൊണ്ടു പട്ടാളക്കാരുടെ താമസചിലവിനു ഉപയോഗി ക്കാനും ആവശ്യപ്പെട്ടു. എന്നാൽ ഇതും വഹിച്ചുകൊണ്ടു ഹോളണ്ടിനു പോയ കപ്പൽ അബെര്ദീൻ തുറമുഖത്തു നിന്ന് പുറപ്പെട്ടയുടൻ കടലിൽ മുങ്ങി. പ്രധാന മേല്ക്കൂരയുടെ സംരക്ഷണം ഇല്ലാതെ കത്തീഡ്രൽ കെട്ടിടം പെട്ടെന്ന് ദ്രവിച്ചു തുടങ്ങി. 1637 ൽ പള്ളിയിലെ സംഗീത മണ്ഡപത്തിന്റെ മുകളിലെ കഴുക്കോലുകൾ കാറ്റിൽ പറന്നു പോയി. അതോടു കൂടി പള്ളിയിലെ പ്രാര്ഥ്നാ ഹാളിലെ പല സാധനങ്ങളും നഷ്ടപ്പെട്ടു. നല്ല ശില്പവേലയോടെ നിര്മ്മിച്ച തിരുസ്വരൂപക്കൂടും മറ്റും ഇങ്ങനെ നശിച്ചു പോയി.. 1650 നും 1660 നും ഇടയ്ക്കുള്ള കാല ഘട്ടത്തിൽ പടിഞ്ഞാറു ഭാഗത്തെ ജനാലയുടെ ഭാഗങ്ങളും ക്രോമ്വേലില്ലന്റ പട്ടാളക്കാർ നശിപ്പിച്ചു. 1711 ലെ ഈസ്റ്റർ ഞായറാഴ്ച പ്രധാന ഗോപുരം രണ്ടാമതും തകര്ന്നു വീണു, കൂടുതൽ നാശമുണ്ടായി. ഇതിന്റെ കല്ലും മണ്ണും മറ്റു പല കെട്ടിടങ്ങള്ക്കും വേണ്ടി മാറ്റപ്പെട്ടു. ജോസഫ് കിംഗ് എന്നയാളിന്റെ ശ്രമഫലമായി തകര്ന്നു കൊണ്ടിരുന്ന കത്തീഡ്രലിന്റെ ചുറ്റും ഒരു മതിൽ 1807 ൽ നിര്മ്മിക്കപ്പെട്ടു. സംരക്ഷകന് താമസിക്കാൻ ഒരു കൂടാരവും ഉണ്ടാക്കി. ജോണ് സാങ്ക്സ് എന്നയാൾ കുന്നു പോലെ കിടന്ന കല്ലും മണ്ണും മാറ്റി കതീഡ്രലിന്റെ ഭാഗങ്ങൾ കാണാവുന്ന രൂപത്തിലാക്കി. ഇയാള്ക്ക് ഒരു പ്രത്യേക രീതിയിലുള്ള ഒരു പൊടിക്കുപ്പി പള്ളി അധികാരികൾ സമ്മാനിച്ചു. ഇത് ഇപ്പോൾ എല്ജിളൻ മ്യൂസിയത്തിൽ വച്ചിട്ടുണ്ട്. സെമിത്തേരിയിൽ ജോണിനോടുള്ള ആദരസൂചക മായി ശവകുടീരം മറ്റുള്ളവയെക്കാൾ വലുതും ഉയര്ന്നു നില്ക്കു ന്നതുമായ ഒരു കല്ല്കൊണ്ടു മൂടി

ദാനിയൽ ഡീഫോ 1717 ൽ എല്ജിൻ സന്ദര്ശിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു : ഈ സുന്ദരമായ നഗരം അല്ല ചെറുപട്ടണം പുരാതനകാലത്ത് ഒരു നഗരമായി സ്ഥലവാസികൾ അവകാശപ്പെട്ടിരുന്നു .അന്ന് ഇതൊരു ഗംഭീരമായ ന്നഗരം തന്നെ ആയിരുന്നിരിക്കണം. രാജ്യത്തിന്റെ സാമ്പത്തികമായി മെച്ചപ്പെട്ട ഈ ഭൂഭാഗം പഴയ പ്രതാപത്തിലേക്ക് സമ്പന്നരായ സ്ഥലവാസികളും മറ്റുള്ളവരും കൂടിച്ചേര്ന്നു കൊണ്ടു വരേണ്ടതാണ്. എഡിൻബറോ

പോലെ വളരേണ്ടതാണ് ഈ നഗരം.. തണുപ്പുകാലത്ത് ഇവിടെ വന്നു താമസിക്കുന്ന മലയൊരവാസികളും ഇതിനു ശ്രമിക്കണം. എല്ലാം കൊണ്ടും ഈ സ്ഥലം സുന്ദരമാണ്, താമസയോഗ്യമാണ്. അത് കൊണ്ടു തന്നെ ലണ്ടനിൽ നിന്നു 450 മൈൽ ദൂരത്തിൽ ആണെങ്കിലും ഇവ മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്ക പ്പെടേണ്ടതും ആണ്"



ചുരുക്കത്തിൽ സംശയലേശം ഇല്ലാതെ ഇന്നും കത്തീഡ്രൽ തന്നെയാണ് ഇവിടെ ഗംഭീരമായിട്ടുള്ളത്. പുരാതനകാലത്തെ പള്ളിയുടെ ഗംഭീരവും അതുല്യവുമായ ശില്പ്പചാതുരിയും മറ്റും ഇന്നും ഭാഗികമായെങ്കിലും നിലനില്ക്കുന്നു എന്നത് സന്തോഷകരമാണ്.

:

12..ലോസ്സി മൌത്ത്, ഫൈൻ ഹോര്ൻ,   എല്ജിൻ പാര്ക്ക്



എല്ജിൻ നഗരത്തിലെ മറ്റൊരു കാഴ്ചയാണ് ലോസ്സീ മൌത്ത് എന്നറിയപ്പെടുന്ന കടല്തീര പട്ടണം. ലോസ്സീ നദി കടലിൽ പതിക്കുന്നതിനടുത്ത് സ്കൊട്ട്ലന്റിനെ വടക്ക് കിഴക്ക് ഭാഗത്തെ ഒരു ചെറിയ കടല്തീര ടൌണാണ് ലോസ്സീ അതവാ ലോസ്സീ മൌത്ത്. നല്ലൊരു മീൻപിടുത്ത തുറമുഖം, ബോട്ടിംഗ് സൗകര്യം എല്ലാം ഇവിടെയുണ്ട് . ഒരു കാലത്ത് എല്ജിൻ പട്ടണത്തിൽ നിന്ന് ഇവിടേക്ക് ഒരു റെയിൽ പാത ഉണ്ടാ യിരുന്നുവത്രേ.. കടൽ തീരത്ത് നിന്നാൽ ചില സമയത്ത് ഡോള്ഫിനുകളെയും മറ്റു കടൽ ജീവികളെയും കാണാൻ കഴിയുമെന്ന് പറയുന്നു. ഇവിടെയുള്ള കൌസീ എന്ന ലൈറ്റ് ഹൌസ് ഇപ്പോൾ കാഴ്ച്ചക്കാര്ക്ക് തുറന്നു കൊടുത്തിട്ടുണ്ട്. ഇതിന്റെ മുകളിൽ നിന്നാൽ നഗരത്തിന്റെയും പ്രാന്തപ്രദേശങ്ങളുടെയും നല്ലൊരു വിഹഗവീക്ഷണം കിട്ടും.

റോമാക്കാർ പല പ്രാവശ്യം സ്കൊട്ട്ലന്റിനെ ആക്രമിച്ചുവെങ്കിലും അവര്ക്ക് സ്കൊട്ല ന്റിനെ കീഴ്പ്പെടു ത്താൻ കഴിഞ്ഞില്ല.അവരുടെ

കടൽ വഴിയുള്ള പല ആക്രമണങ്ങളും ഈ തുറമുഖം വഴിയായിരുന്നു. റോമാക്കാർ നിര്മ്മിച്ചതെന്ന് കരുതുന്ന കോട്ടകളുടെ ചില ഭാഗങ്ങൾ ഇവിടെ കണ്ടെത്തിയിട്ടുണ്ട്. ഭൂമിശാസ്ത്രത്തിൽ പ്രഗൽത്ഭനായിരുന്ന ഈജിപ്റ്റിലെ ടോളമിയുടെ പുസ്തകത്തിൽ ഈ ലോസ്സി മൌത്തിനെപ്പറ്റി പറയുന്നു'ണ്ടത്രേ. വളരെ മുമ്പ് തന്നെ ഇവിടെ താമസക്കാർ ഉണ്ടായിരുന്നു. ഒരു കാലത്ത് സെയിൻറ ഗെർവാദീസ് എന്നയാൾ നദിയുടെ മുഖത്ത് ഒരു ഗുഹയിൽ താമസിച്ചിരുന്നു എന്നും അയാൾ രാത്രിയിൽ കപ്പൽ യാത്രക്കാര്ക്ക് ടോര്ച്ചു തെളിച്ചു വഴികാട്ടിായിരുന്നു എന്നും പറയുന്നു. 934 ൽ ഇദ്ദേഹം മരിച്ചതിനു ശേഷം അയാൾ താമസിച്ചിരുന്ന ഗുഹ ഒരു തീര്ഥാടന കേന്ദ്രമായി മാറി. പതിനാറാം നൂറ്റാണ്ടു വരെ. പിന്നീട് ഈ ഗുഹ കുഴിച്ചു മാറ്റപ്പെട്ടു



ഞങ്ങൾ അവിടെ പോയപ്പോൾ ഡോള്ഫിനെ കാണാമെന്നു കരുതിയാണ് പോയത്. കുറെ നേരം കാത്തു നിന്നിട്ടും ഡോള്ഫിനോ ഒന്നും കാണുക യുണ്ടായില്ല.കുട്ടികൾ വെള്ളത്തിൽ അല്പം കളിച്ചു തിരിച്ചു പോന്നു.



തിരിച്ചുവരുന്ന വഴി സ്പീഡ് ബോട്ടിൽ പരിശീലനം കൊടുക്കുന്ന ഒരു സ്ഥലവും കണ്ടു. അവിടെ തീരത്തി'നടുതുള്ള പാര്ക്കിൽ മരത്തിൽ കടഞ്ഞ സുന്ദരമായ ശ്രൂപങ്ങൾ സ്ഥാപിച്ചിരുന്നു. ഈ സ്ഥലത്തിന്റെ പേര് ഫൈന്ദ് ഹോര്ൻ (Find Horn) എന്നാണത്രേ.

എല്ജിൻ നഗരത്തിന്റെ മദ്ധ്യഭാഗത് തന്നെ നല്ലൊരു പാര്ക്ക് ഉണ്ടായിരുന്നു. അവിടെ അരയന്നങ്ങൾ കളിക്കുന്ന ഒരു കുളവും പുഷ്പി 'ച്ചു നില്ക്കുന്ന ധാരാളം ചെടികളും അവിടെ ഉണ്ടായിരുന്നു. ബൈബിൾ കഥകളിലെ ചില കഥാപാത്രങ്ങളുടെ പ്രതിമകളും അവിടെ ഉണ്ടായിരുന്നു.



പൂന്തോട്ടം



പൂന്തോട്ടത്തിലെ ബൈബിൾ കഥയിലെ ആള്ക്കാരുടെ പ്രതിമകൾ






ഇതെഴുതിയ ആളിനെപ്പറ്റി



കെ പി മോഹൻദാസ് കോഴിക്കോട്ടു REC യിലും മറ്റു ചില സ്ഥാപനങ്ങളിലും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് അദ്ധ്യാപകൻ ആയിരുന്നു.. 2011 ൽ REC യിൽ നിന്ന് പിരിഞ്ഞു. അഞ്ചു വര്ഷം കുറ്റിപ്പുറം MES എഞ്ചിനീയറിംഗ് കോളേജിലും ജോലി ചെയ്തിട്ടുണ്ട്.. കുറച്ചുനാൾ സിംഗപൂരിലും ടർക്കിയിലും വിദേശ യൂണിവെര്സിറ്റികളിലും പ്രവർത്തിച്ചിരുന്നു. ധാരാളം യാത്ര ചെയ്തിട്ടുണ്ട്. . ആ അനുഭവങ്ങൾ പങ്കുവെക്കുന്നു.. സ്വയം എടുത്തതും മറ്റു സ്ഥലങ്ങളിൽ നിന്നും ശേഖരിച്ചതുമായ ചിത്രങ്ങൾ ചേർത്തിട്ടുണ്ട്. . വായിക്കുക, അഭിപ്രായം അറിയിക്കുക. . ഫെയ്സ്ബുക്കിൽ ഇത് ഖണ്ഢശ്ശ: പ്രിസിദ്ധീകരിച്ചിരുന്നു.. അവിടത്തെ വായനക്കാർ തന്ന പ്രചോദനം ആണ് ഇത് ഒരു പുസ്തകരൂപത്തിൽ ആക്കാൻ കാരണമായത് . അഭിപ്രായം E-mail വഴി അറിയിക്കാം :